VOL NO: 07 I ISSUE 08
www.nerpatham.com
mail@nerpatham.com
2023 FEBRUARY 25 I ₹10

# നേർപഥം

വാരിക

# പ്രവാചകന്മാർ; ദൗത്യവും സന്ദേശവും

അല്ലാഹുവിന്റെ സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. നന്മ ചെയ്ത് ഉത്തമരാവാനും തിന്മ ചെയ്ത് അധമരാവാനും പറ്റിയ രൂപത്തിലാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യർക്ക് നേർവഴി കാട്ടാനായി അവരിൽ നിന്നുതന്നെ ദൈവം തെരഞ്ഞെടുത്തവരാണ് പ്രവാചകന്മാർ. സ്രഷ്ടാവായ അല്ലാഹുവിന്റെ നിയമനിർദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ നിയുക്തരായ പ്രവാചകന്മാരെ കുറിച്ച് അറിഞ്ഞിരിക്കൽ ഓരോരുത്തരുടെയും കടമയാണ്.

## കറുപ്പ് ഭയപ്പെടേണ്ട ഒരു നിറമാണെന്നോ?

|| നിലപാടുകളിലെ വിവേകപരത
|| മിർസയുടെ വിചിത്രമായ ഗണിതസൂത്രം
|| മുത്ത്വലാക്വും ബഹുഭാര്യത്വവും ശിരോവസ്ത്രവും



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03

**Enrol Now!**

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ഖുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

**For Boys Grade 5 to 8**
**For Girls Grade 6 & 7**

CONTACT US
+91 9605 146 000
+91 9061 716 600

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0318

# നേർപഥം

വാരിക

2023 ഫെബ്രുവരി 25
1444 ശഅ്ബാൻ 04
പുസ്തകം 07 / ലക്കം 08







കവർ സ്റ്റോറി

10

## പ്രവാചകന്മാർ; ദൗത്യവും സന്ദേശവും

ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05 കറുപ്പ് ഭയപ്പെടേണ്ട ഒരു നിറമാണെന്നോ?

ലേഖനം
06 വിവേകത്തോടെ മുന്നോട്ട്
പി.എൻ അബ്ദുല്ലത്വീഫ് മദനി

ലേഖനം
09 നിലപാടുകളിലെ വിവേകപരത
നബീൽ പയ്യോളി

ക്വുർആൻ ദർശനം
16 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18 മിർസയുടെ വിചിത്രമായ ഗണിതസൂത്രം
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
23 സമ്മേളനം ബാക്കിയാക്കിയ ചിന്തകൾ
റിഷാദ് പൂക്കാടഞ്ചേരി

കവിത
25 അവകാശ ലംഘനം
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

ലേഖനം
26 മുസ്‌ലിം സമുദായം; വഴിയും വെളിച്ചവും
ടി.കെ അശ്റഫ്

ലേഖനം
30 മുത്ത്വലാക്വും ബഹുഭാര്യത്വവും ശിരോവസ്ത്രവും
സുഫ്‌യാൻ അബ്ദുസ്സലാം

ബാലപഥം
34 പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി, എടത്തനാട്ടുകര



Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

# വിട്ടുവീഴ്ചയുടെ മഹത്ത്വം

മറ്റുള്ളവരുടെ മുന്നിൽ താഴ്ന്നു കൊടുക്കുക എന്നത് പലർക്കും പ്രയാസമുള്ള കാര്യമാണ്. ചെറിയ കാര്യങ്ങളുടെ പേരിൽ പോലും പിണങ്ങി മിണ്ടാതെ നടക്കുന്ന ഒരുപാടാളുകൾ നമുക്കിടയിലുണ്ട്. വിട്ടുവീഴ്ച കാണിക്കാനും മാപ്പു നൽകാനും പലരുടെയും അഹന്ത സമ്മതിക്കാറില്ല. തന്നെയും അനുയായികളെയും മക്കയിൽനിന്ന് പലായനം ചെയ്യിച്ച, അങ്ങേയറ്റം ഉപദ്രവിച്ച ആളുകൾക്ക് മക്കാവിജയ നാളിൽ മാപ്പു നൽകിയ പ്രവാചകനെ(സ്വ)യാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. അല്ലാഹു പറയുന്നു:

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ടു തിരിഞ്ഞുകളയുകയും ചെയ്യുക" (ക്വുർആൻ 7:199).

വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ നമുക്ക് യാതൊരുവിധ കോട്ടവും സംഭവിക്കുകയില്ല; നേട്ടങ്ങളുണ്ട്താനും.

അനസുബ്നു മാലിക്(റ) പറഞ്ഞു: "ഒരു മനുഷ്യനെ അവന്റെ സഹോദരൻ ചീത്ത പറയുകയാണ്. അപ്പോൾ അവൻ പറയുന്നു; നീ പറഞ്ഞത് കളവാണെങ്കിൽ അല്ലാഹു നിനക്ക് പൊറുത്ത് തരട്ടെ. നീ പറഞ്ഞത് സത്യമാണെങ്കിൽ അല്ലാഹു എനിക്ക് വിട്ടുവീഴ്ച നൽകട്ടെ."

വിട്ടുവീഴ്ചകൊണ്ട് ലഭിക്കുന്ന ധാരാളം നേട്ടങ്ങൾ പണ്ഡിതന്മാർ എണ്ണിപ്പറഞ്ഞതായി കാണാം. അതിൽ ചിലത് കാണുക:

(1) 'അല്ലാഹുവും അവന്റെ റസൂലും അവന്റെ മലക്കുകളും വിട്ടുവീഴ്ച ചെയ്യുന്ന ആളുകളെ ഇഷ്ടപ്പെടുന്നു.' ഈ ഭൂമിയിലേക്ക് നാം വന്നത് അല്ലാഹുവിന്റെ ഇഷ്ടവും പ്രീതിയും സമ്പാദിക്കുവാനാണ്. സ്വർഗം ലഭിക്കണമെങ്കിൽ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരിൽ നാം ഉൾപ്പെടേണ്ടതുണ്ട്. വിട്ടുവീഴ്ച ചെയ്യൽ അതിനു നമ്മെ പ്രാപ്തരാക്കുന്നു.

(2) 'അല്ലാഹു ഇഹലോകത്തും പരലോകത്തും അതിന്റെ ഒരു അടയാളം ഉണ്ടാക്കും.' വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ ഈ ലോകത്തും പരലോകത്തും അല്ലാഹു സവിശേഷമായ മുഖപ്രസന്നത നൽകും.

(3) 'സമൂഹത്തിലും കുടുംബത്തിലും വിട്ടുവീഴ്ച ചെയ്യുന്നത് എല്ലാവരും ഇഷ്ടപ്പെടുന്ന കാര്യമാണ്.' കുടുംബത്തിലും സമൂഹത്തിലും പെട്ട എല്ലാവരും തന്നെ ഇഷ്ടപ്പെടണം എന്ന് ആഗ്രഹിക്കുന്നവനാണ് മനുഷ്യൻ. ആ ഇഷ്ടം വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ കരസ്ഥമാക്കുവാൻ സാധിക്കുമെന്ന് തിരിച്ചറിയുക.

(4) 'ക്രയവിക്രയങ്ങളിൽ വിട്ടുവീഴ്ച ചെയ്താൽ അല്ലാഹു ഉപജീവനത്തിൽ വർധനവ് നൽകും.' വിൽപന നടത്തുമ്പോൾ അളവിലും തൂക്കത്തിലും കുറവു വരുത്താതിരിക്കുക, ഒരൽപം അധികം നൽകുക. വാങ്ങുമ്പോൾ അൽപം കുറഞ്ഞതിന്റെ പേരിൽ കച്ചവടക്കാരുമായി വാക്കു തർക്കങ്ങൾ ഉണ്ടാക്കാതെ വിട്ടുവീഴ്ച ചെയ്യുക.

(5) 'എല്ലാ വിഷയത്തിലും വിട്ടുവീഴ്ചയുണ്ടെങ്കിൽ അവന്റെ കാര്യങ്ങൾ എളുപ്പമായിരിക്കും.' ആവശ്യങ്ങൾ എത്രയും പെട്ടെന്ന് നിറവേറ്റുവാൻ അല്ലാഹുവോട് പ്രാർഥിക്കുന്നവരും അതിനുവേണ്ടി പരിശ്രമിക്കുന്നവരുമാണ് നാം. വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ അല്ലാഹു അത് എളുപ്പമാക്കി തരും.

(6) 'വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ മനുഷ്യൻ ജീവിത വിജയത്തിന്റെ ഉന്നതി നേടുന്നു.' ജീവിതത്തിൽ ഒരുപാട് പരീക്ഷണങ്ങളിലൂടെയും തോൽവികളിലൂടെയും കടന്നുപോകുന്നവരാണ് മനുഷ്യർ. വിജയംനേടുക എന്നത് എല്ലാവരും ഇഷ്ടപ്പെടുന്നു. വിട്ടുവീഴ്ച ജീവിതത്തിൽ പുലർത്തുന്നതിലൂടെ വിജയം നേടുവാൻ സാധിക്കും. അതുകൊണ്ട് നാം ജീവിതത്തിലുടനീളം വിട്ടുവീഴ്ച ചെയ്തു ജീവിക്കുവാൻ ശ്രമിക്കുക.

**-സഹൽ മഷ്ഹൂർ ഇബ്നു അബ്ദുൽ മജീദ്**
അൽഹിക്മ അറബിക്കോളേജ്,
എടത്തനാട്ടുകര

# കറുപ്പ് ഭയപ്പെടേണ്ട ഒരു നിറമാണെന്നോ?

രാഷ്ട്രീയത്തിൽ നിറങ്ങൾക്കുള്ള സ്ഥാനം അത്ര ചെറുതല്ല. കൊടികളിലെ നിറഭേദങ്ങളും ചിഹ്നങ്ങളും പാർട്ടികളുടെ മുഖമുദ്രയാണ്. നിറങ്ങളിൽ രാഷ്ട്രീയം മാത്രമല്ല, മതംകൂടിയുണ്ട് എന്ന് ചിലർ ഇടയ്ക്കിടെ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ഇപ്പോൾ കറുപ്പ് എന്ന നിറം കേരളത്തിലെ വലിയ ചർച്ചാവിഷയമാണ്. എന്താണ് കറുപ്പിന്റെ പ്രത്യേകത?

“ഒരു പ്രകാശവും പ്രതിഫലിപ്പിക്കാത്ത വസ്തുക്കളുടെ നിറമാണ് കറുപ്പ്. അവ എല്ലാ തീവ്രതയിലുള്ള പ്രകാശത്തേയും വലിച്ചെടുക്കുന്നു. എല്ലാ നിറങ്ങളിലുമുള്ള ചായങ്ങളോ മഷികളോ മറ്റു പിഗ്മെന്റുകളോ കൂട്ടിച്ചേർക്കുകയാണെങ്കിൽ ക്രമേണ എല്ലാ പ്രകാശവും വലിച്ചെടുത്ത് കറുത്ത നിറത്തിൽ കാണപ്പെടുന്ന മിശ്രിതം ഉണ്ടാകുന്നു. ഈ കാരണത്താൽ ‘എല്ലാ നിറങ്ങളുടേയും മിശ്രിതം’ എന്ന് കറുപ്പിനെ തെറ്റായി പരാമർശിക്കാറുണ്ട്. ഒരു നിറവും പ്രതിഫലിക്കാതെ വരുമ്പോൾ കണ്ണിലെ കോൺ കോശങ്ങൾ ഉത്തേജിക്കപ്പെടാതിരിക്കുന്നതാണ് ഒരു വസ്തുവിനെ കറുപ്പായിത്തോന്നാൻ കാരണം” (വിക്കീപീഡിയ).

നമ്മുടെ നാട്ടിൽ കറുപ്പ് ഒരു വില്ലനായി മാറിയിരിക്കുന്നതിന്റെ കാരണം ഇതൊന്നുമല്ല. മുഖ്യമന്ത്രി സഞ്ചരിക്കുന്ന വഴിയിലെവിടെയും കറുപ്പു നിറം കാണാൻ പാടില്ല എന്ന പൊലീസിന്റെ തിട്ടൂരമാണ് കാരണം. ആരെങ്കിലും മരണപ്പെട്ടാൽ ദുഃഖ സൂചകമായി കറുത്ത കൊടി നാട്ടുന്ന സമ്പ്രദായം നിലവിലുണ്ട് . അതുകൊണ്ടാണോ നമ്മുടെ ഭരണാധികാരികൾ കറുത്ത നിറത്തെ ഭയപ്പെടുന്നത്? പ്രതിഷേധ സമരം നടത്തുന്നവർ കറുത്ത ഒരു തുണിക്കഷ്ണം ഉയർത്തിക്കാണിക്കുമ്പോഴേക്കും ജനപ്രതിനിധികൾ ഭയപ്പെടുന്നതിനും അവരെ പിടിക്കാനും അടിക്കാനും അറസ്റ്റ് ചെയ്യാനും പൊലീസ് ജാഗ്രത കാണിക്കുന്നതിനും പിന്നിലെ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. കത്തിയോ ബോംബോ ഗ്രനേഡോ ഉയർത്തിക്കാണിക്കുകയാണെങ്കിൽ ഇങ്ങനെ ചെയ്യുന്നതിലെ സാംഗത്യം മനസ്സിലാക്കാം.

കണ്ണൂരിൽ സിപിഎം മുൻ എംഎൽഎയുടെ മരണവീടിനു മുന്നിൽ കെട്ടിയ കറുത്ത കൊടിപോലും പൊലീസ് അഴിപ്പിച്ചതായും വീട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്ന രണ്ടു യൂത്ത് ലീഗ് പ്രവർത്തകരെ കരുതൽ തടങ്കലിലാക്കിയതായും പത്രങ്ങൾ എഴുതുന്നു. കോഴിക്കോട് മീഞ്ചന്ത ഗവ. ആർട്സ് കോളേജിലെ മുഖ്യമന്ത്രി പങ്കെടുക്കുന്ന പരിപാടിയിൽ കറുത്ത വസ്ത്രവും മാസ്കും ഒഴിവാക്കാൻ കോളേജ് അധികൃതർ വിദ്യാർഥികൾക്ക് നിർദേശം നൽകി. ചടങ്ങിനെത്തിയവരുടെ ബാഗ് ഉൾപ്പെടെ പരിശോധിച്ചു. കോളേജ് ഐഡന്റിറ്റി കാർഡോ പ്രത്യേക പാസ്സോ ഇല്ലാത്തവരെ പ്രവേശിപ്പിച്ചില്ല. മാധ്യമ പ്രവർത്തകരെയും തടയാൻ ശ്രമിച്ചു... ഇങ്ങനെ തുടരുന്നു വാർത്ത.

പ്രതിഷേധ സമരക്കാർ അക്രമിക്കാൻ ശ്രമിക്കുകയാണെങ്കിൽ പൊലീസിന് ഇടപെടാം. വാഹനത്തിനു മുന്നിലേക്ക് ചാടുകയാണെങ്കിൽ പിടിച്ചുമാറ്റാം. എന്നാൽ ഒരു ഭരണാധികാരി കനത്ത സുരക്ഷാ സംവിധാനത്തോടെ റോഡിലൂടെ കുതിച്ചു പായുമ്പോൾ റോഡരികിൽ കറുത്ത കൊടിപിടിച്ച് ആരെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ, കറുത്ത മാസ്കോ കറുത്ത കുപ്പായമോ ധരിച്ച് ആരെങ്കിലും വഴി നടക്കുന്നുണ്ടെങ്കിൽ എന്ത് അപകടമാണ് അതിൽ പതിയിരിക്കുന്നത്? കറുത്ത തുണിക്കഷ്ണം വീശിക്കാണിച്ചാൽ എന്ത് വിപത്താണ് സംഭവിക്കാൻ പോകുന്നത്? ആ തുണിയുടെ നിറം ചുവപ്പോ പച്ചയോ ആണെങ്കിൽ ആ നിറങ്ങളെയും പടിക്കു പുറത്ത് നിറുത്തുമോ?

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ, ജനാധിപത്യ പ്രക്രിയയിലൂടെ അധികാരത്തിലേറുന്നവർ ആരായാലും അവർക്കെതിരെ വിവിധ തരത്തിലുള്ള ആരോപണങ്ങളുയരുമ്പോൾ പ്രതിപക്ഷത്തുള്ള പാർട്ടികളുടെയും മറ്റു ജനകീയ സംഘടനകളുടെയും ഭാഗത്തുനിന്ന് പ്രതിഷേധമുണ്ടാവുക സ്വാഭാവികമാണ്. ആ പ്രതിഷേധങ്ങളാണ് ജനാധിപത്യത്തിന്റ ശക്തിയും സൗന്ദര്യവും. അക്രമസ്വഭാവം സ്വീകരിക്കാത്തകാലത്തോളം പ്രതിഷേധങ്ങളെ അടിച്ചമർത്തിക്കൂടാ. കരിങ്കൊടിയെ തങ്ങൾക്ക് ഭയമില്ല, നിങ്ങൾ വീശിക്കോളൂ എന്ന നിലപാട് സ്വീകരിക്കാനുള്ള ആർജവമാണ് ഭരണാധികാരികൾ കാണിക്കേണ്ടത്; അല്ലാതെ കറുത്ത മാസ്ക് പോലും ധരിക്കരുത് എന്ന് കൽപിക്കാനല്ല.



**വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസിൽ നിർവഹിച്ച അധ്യക്ഷ ഭാഷണത്തിന്റെ വരമൊഴി**

# വിവേകത്തോടെ മുന്നോട്ട്

**പി.എൻ അബ്ദുല്ലത്വീഫ് മദനി**

**ജനന മരണങ്ങൾക്കിടയിൽ കിട്ടുന്ന ആയുഷ്കാലം വളരെ ക്ഷണികമാണ്. പാരത്രിക ജീവിതമാണ് യഥാർഥ ജീവിതം. അവിടെ വിജയിക്കാൻ ആവശ്യമായ കർമങ്ങൾ നാം ഒരുക്കിവെക്കണം. ഭൗതികാലങ്കാരങ്ങളിൽ വഞ്ചിതരാവാതെ വിശ്വാസവും കർമവും നന്നാക്കി പടച്ചവന്റെ അടുക്കലേക്കു മടങ്ങാൻ തയ്യാറെടുക്കുക.**

നമ്മുടെ രാജ്യം സാംസ്കാരിക സമ്പന്നതയുള്ള ഒരു വലിയ രാജ്യമാണ്. ബഹുസ്വരതയാണ് നമ്മുടെ നാടിന്റെ മുഖമുദ്ര. വിവിധ മതങ്ങൾ, ജാതികൾ, ഭാഷകൾ, നിറങ്ങൾ, വേഷങ്ങൾ, ആഹാര രീതികൾ... എല്ലാം വൈവിധ്യങ്ങൾ നിറഞ്ഞതാണ്. ഈ വൈജാത്യങ്ങൾ ഉൾകൊണ്ടും അംഗീകരിച്ചും പരസ്പരം സ്നേഹത്തോടെ, ബഹുമാനത്തോടെ ഭാരതീയർ കഴിഞ്ഞുകൂടുന്നു എന്നതാണ് നമ്മുടെ നാടിനെ ലോക രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. നമ്മുടെ പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, പൊതു വാഹനങ്ങൾ, അങ്ങാടികൾ, വിവാഹ സദസ്സുകൾ തുടങ്ങിയ ഇടങ്ങളെല്ലാം മനോഹരമായ നാനാത്വത്തിലെ ഏകത്വത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. ഇത്തരം മാനുഷിക മൂല്യങ്ങൾക്ക് കാവലിരിക്കുന്നത് നമ്മുടെ മഹത്തായ ഭരണഘടനയാണ്. നമ്മുടെ നാടിന്റെ ചൂടും ചൂരും ഒപ്പിയെടുത്ത്, ഓരോ പൗരന്റെയും അസ്തിത്വവും അവകാശങ്ങളും നിർവചിച്ച്, അതിജീവനത്തിന്റെ ഊടും പാവും നെയ്തെടുത്ത ആ ഭരണഘടന രാജ്യത്തെ പൗരന് നൽകുന്ന ആത്മാഭിമാനം ചെറുതല്ല.

## ഫാസിസം

എന്നാൽ ആനുകാലിക സാഹചര്യങ്ങൾ നമ്മുടെ നാടിന്റെ സ്വസ്ഥത കെടുത്തുന്നുണ്ടോ? വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കേണ്ട സൗഹാർദത്തിന് പലപ്പോഴായി ഭംഗം വരുന്നു. ചില സങ്കുചിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു മതത്തെയും ജാതിയെയുമെല്ലാം കരുവാക്കുകയാണ്. ഇവിടെയാണ് മതനേതാക്കളും രാഷ്ട്രീയ നേതാക്കളുമെല്ലാം ജാഗ്രത പാലിക്കേണ്ടത്. നൂറ്റാണ്ടു

കളിലൂടെ നാം നേടിയെടുത്ത സഹവർത്തിത്വത്തിന്റെ അടിക്കല്ലിളക്കാൻ ആരെയും അനുവദിച്ചുകൂടാ. ഭരണഘടനാ സ്ഥാപനങ്ങളിലെല്ലാം നുഴഞ്ഞുകയറി ഏകശിലാ സംവിധാനം സാധിച്ചെടുക്കാൻ നടത്തുന്ന ചരടുവലികൾ സർവനാശത്തിന്റെ അപായമണി മുഴക്കുന്നുണ്ട്. വർധിത വീര്യത്തോടെ ഇതിന്നെതിരെ നാം പൊരുതി നിൽക്കണം.

### ആത്മീയ ചൂഷണം

അടുത്തകാലത്തായി ആത്മീയ ചൂഷകരുടെ വിളയാട്ടം കൂടിവരികയാണ്. വസ്തുതയുമായി ഒരു യോജിപ്പുമില്ലാത്ത മായാവി കഥകളും ഐതിഹ്യങ്ങളുമാണ് ആൾദൈവങ്ങളുടെ പേരിൽ പ്രചരിപ്പിക്കുന്നത്. മരണാനന്തരം, അത്ഭുത സിദ്ധികളിൽ കുതിച്ചുചാട്ടമാണ് ഇത്തരം കൽപിത ഔലിയാക്കൾക്കു സംഭവിക്കുന്നത്! വിസ തീരാൻ പോകുന്നവൻ മടവൂർ ശൈഖിനെ വിളിച്ചപ്പോൾ അദ്ദേഹം വിമാനത്തിന്റെ കോക്ക്പിറ്റിൽ കയറി പൈലറ്റിൽ നിന്നു നിയന്ത്രണം ഏറ്റെടുത്തതും, ഓപ്പറേഷൻ തിയേറ്ററിലേക്കു പ്രവാചകൻ കയറിവന്നു വേദനകൊണ്ട് പുളയുന്ന രോഗിക്കു മസാജ് ചെയ്യുന്നതും പെട്രോളില്ലാതെ 13 കിലോമീറ്റർ താജുൽ ഔലിയ കാർ ഓട്ടിയതുമൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. പാവങ്ങളായ സാധാരണ മനുഷ്യരിൽനിന്ന് പണം തട്ടിയെടുക്കലാണ് ഇത്തരം കഥകളുടെ ഉദ്ദേശ്യം. ഇതിനെ വിമർശിച്ചാൽ ഉടനെ ഫത്‌വയിറങ്ങും; ഔലിയാക്കളെ ബഹുമാനിക്കാത്തവർ, അല്ലാഹു ആദരിച്ചവരെ നിന്ദിക്കുന്നവർ തുടങ്ങിയ അധിക്ഷേപങ്ങളുമായി രംഗത്തു വരും.

### മതനിരാസം

ഇത്തരം ആത്മീയ ചൂഷണത്തിന്റെ മറുവശം മതനിരാസത്തിലേക്കും ദൈവനിഷേധത്തിലേക്കും യുവ തലമുറ നടന്നടുക്കുകയെന്നതാണ്. സോഷ്യൽ മീഡിയയിൽ അഴിഞ്ഞാടുന്ന ലിബറലിസത്തിലേക്കും സ്വതന്ത്രചിന്തയിലേക്കും അവർ ആകർഷിക്കപ്പെടുന്നു. യഥാർഥ മതപ്രമാണങ്ങളെ പരിശോധിക്കാനും വ്യാജന്മാരെ വേർതിരിച്ചെടുക്കാനുമൊന്നും അവർ മിനക്കെടാറില്ല. മൊത്തം മതത്തെതന്നെ നിഷ്‌ക്കരുണം തിരസ്കരിക്കാൻ ബാഹ്യശക്തികളുടെ പിന്തുണയും ഇവർക്ക് ലഭിക്കുന്നു. മനുഷ്യരുടെ അറിവില്ലായ്മ മുതലെടുത്തു സാമ്പത്തിക ചൂഷണം നടത്തുന്ന ആത്മീയ വാണിഭക്കാരോടും ലിബറലിസത്തിന്റെ മറവിൽ കുടുംബ ഭദ്രതയും പ്രകൃതിനിയമത്തിനനുയോജ്യമായി നാം തലമുറകളായി തുർടർന്നു പോരുന്ന സാമൂഹ്യഘടനയെ തകിടം മറിക്കുന്ന നൂതനാശയങ്ങളോടും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ അതിന്റെ ശക്തമായ വിയോജിപ്പ് തുടരും.



**സോഷ്യൽ മീഡിയയിൽ അഴിഞ്ഞാടുന്ന ലിബറലിസത്തിലേക്കും സ്വതന്ത്രചിന്തയിലേക്കും അവർ ആകർഷിക്കപ്പെടുന്നു. യഥാർഥ മതപ്രമാണങ്ങളെ പരിശോധിക്കാനും വ്യാജന്മാരെ വേർതിരിച്ചെടുക്കാനുമൊന്നും അവർ മിനക്കെടാറില്ല. മൊത്തം മതത്തെതന്നെ നിഷ്‌ക്കരുണം തിരസ്കരിക്കാൻ ബാഹ്യശക്തികളുടെ പിന്തുണയും ഇവർക്ക് ലഭിക്കുന്നു. മനുഷ്യരുടെ അറിവില്ലായ്മ മുതലെടുത്തു സാമ്പത്തിക ചൂഷണം നടത്തുന്ന ആത്മീയ വാണിഭക്കാരോടും ലിബറലിസത്തിന്റെ മറവിൽ കുടുംബ ഭദ്രതയും പ്രകൃതിനിയമത്തിനനുയോജ്യമായി നാം തലമുറകളായി തുർടർന്നു പോരുന്ന സാമൂഹ്യഘടനയെ തകിടം മറിക്കുന്ന നൂതനാശയങ്ങളോടും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ അതിന്റെ ശക്തമായ വിയോജിപ്പ് തുടരും.**

### അരാഷ്ട്രീയ വാദം

അരാഷ്ട്രീയവാദം സംഘടനയുടെ നയമല്ല. രാഷ്ട്രപുനരുദ്ധാരണത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കുന്ന, ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾക്കു വിരുദ്ധമല്ലാത്ത ഏതു രാഷ്ട്രീയ സംഘടനകളിലും പ്രവർത്തിക്കുന്നതിന് വിസ്ഡം പ്രവർത്തകർക്ക് വിലക്കില്ല. എന്നാൽ ജീവിതത്തിന്റെ ഏതു മേഖലകളിൽ പ്രവർത്തിച്ചാലും വ്യക്തിവിശുദ്ധി കാത്തുസൂക്ഷിക്കൽ മർമപ്രധാനമാണ്.

### മധ്യമ സമുദായം

ഇസ്‌ലാം ജീർണതക്കും തീവ്രതക്കും ഇടയിൽ മധ്യമ നിലപാടുള്ള മതമാണ്. തീവ്രവാദ സമീപനങ്ങൾ ഒരിക്കലും അംഗീകരിക്കാനാവില്ല. ന്യൂനപക്ഷങ്ങളെ പ്രകോപിപിച്ചു ഭൂരിപക്ഷ വർഗീയതക്ക് മണ്ണൊരുക്കുന്ന നീക്കങ്ങളെയും ചെറുത്തു തോൽപിക്കേണ്ടതുണ്ട്. എല്ലാ നന്മകളെയും പ്രോൽസാഹിപ്പിക്കുന്ന, എല്ലാ തിന്മകളെയും തിരസ്‌കരിക്കുന്ന ഉത്തമ സമുദായമാണ് മുസ്‌ലിംകൾ എന്നാണ് വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത്.

"മനുഷ്യ വംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു..." (ക്വുർആൻ 3:110).

വാക്കുകളിലും പ്രവർത്തനങ്ങളിലും സമീപനങ്ങളിലും ഉത്തമന്മാർ തന്നെയാവാൻ നാം പരിശ്രമിക്കണം.

### പ്രമാണങ്ങളോടുള്ള പ്രതിബദ്ധത

പ്രമാണങ്ങളോടുള്ള പ്രതിബദ്ധത വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ അടിസ്ഥാനാശയമാണ്. വിശുദ്ധ ക്വുർആനും പ്രവാചകചര്യയും ഉത്തമ നൂറ്റാണ്ടിലെ സച്ചരിതരായ സലഫുകളുടെ ആശയ ധാരയും വിസ്ഡം അതിന്റെ ആദർശാടിത്തറയുടെ ആണിക്കല്ലുകളായി സ്വീകരിക്കുന്നു.

"(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (ക്വുർആൻ 12:108).

### സ്ത്രീയുടെ അവകാശങ്ങൾ

ഇസ്‌ലാം സ്ത്രീകളെ ആദരിക്കുകയും അവരെ പരിരക്ഷിക്കുകയും അവരുടെ ഉന്നമനത്തിന് ആവശ്യമായ നിർദേശങ്ങൾ സമർപിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീയുടെ അവകാശ സംരക്ഷണത്തിന് വർധിച്ച പ്രാധാന്യമാണ് ഇസ്‌ലാം നൽകുന്നത്. അവർ അക്രമിക്കപ്പെടുകയും അവമതിക്കപ്പെടുകയും അനീതിക്ക് വിധേയമാക്കപ്പെടുകയും ചെയ്യാൻ പാടില്ല. കുടുംബ ബാധ്യതകൾ നിർവഹിക്കുന്നതോടൊപ്പം സുരക്ഷ ഉറപ്പുവരുത്തി സാമൂഹ്യമായ കർത്തവ്യങ്ങൾ നിർവഹിക്കണമെന്നാണ് മതം പഠിപ്പിക്കുന്നത്. ഈ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാഹി പ്രസ്ഥാനം നവോത്ഥാനപ്രവർത്തനങ്ങളിൽ സ്ത്രീ സാന്നിധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്. അത് തുടർന്നും നിർവഹിക്കും.

### പ്രസ്ഥാനം കൈവരിച്ച നേട്ടങ്ങൾ

ഒരു ഇസ്‌ലാമിക ദഅ്‌വാ പ്രസ്ഥാനമെന്ന നിലയിൽ ചുരുങ്ങിയ കാലംകൊണ്ട് അല്ലാഹുവിന്റെ തൗഫീക്വിനാൽ അഭിമാനാർഹമായ നേട്ടങ്ങളാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കൈവരിച്ചിട്ടുള്ളത്. മുജാഹിദ് പാരമ്പര്യത്തിന്റെ ഇഴച്ചരടുകൾ ഒന്നും അറ്റുപോകാതെ വിസ്ഡം കൂട്ടായ്മ കൂട്ടായ പരിശ്രമത്തിലൂടെ നേടിയെടുത്തതാണ് ഈ നേട്ടങ്ങളെല്ലാം. മിനി ഊട്ടിയിലും പാണക്കാട്ടും ഉയർന്നു നിൽക്കുന്ന ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ, മുക്കത്തെ ഗ്രീൻവാലി സ്ഥാപനങ്ങൾ, പള്ളികൾ, മദ്‌റസകൾ, തുടങ്ങി സംഘടിത സകാത്ത് സംവിധാനമടക്കമുള്ളതെല്ലാം വളർച്ചയുടെ വിവിധ നാഴികക്കല്ലുകളാണ്.

### പാരത്രിക ജീവിതം

ജനന മരണങ്ങൾക്കിടയിൽ കിട്ടുന്ന ആയുഷ്‌കാലം വളരെ ക്ഷണികമാണ്. പാരത്രിക ജീവിതമാണ് യഥാർഥ ജീവിതം. അവിടെ വിജയിക്കാൻ ആവശ്യമായ കർമങ്ങൾ നാം ഒരുക്കിവെക്കണം. ഭൗതികാലങ്കാരങ്ങളിൽ വഞ്ചിതരാവാതെ വിശ്വാസവും കർമവും നന്നാക്കി പടച്ചവന്റെ അടുക്കലേക്കു മടങ്ങാൻ തയ്യാറെടുക്കുക. ■





അടുത്ത ലോക്‌സഭ തെരഞ്ഞെടുപ്പിനായി രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. സംഘപരിവാർ അധികാരത്തിലെത്തിയ കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളും രാജ്യത്തിന്റെ മതേതര മുഖത്തെയും ജനാധിപത്യ പ്രക്രിയയെയും ബഹുസ്വരതയെയും തുടങ്ങി മുഴുവൻ സവിശേഷതകളെയും ഇല്ലാതാക്കാനുള്ള സാഹചര്യത്തിലേക്ക് എത്തിച്ചു എന്നത് നാം ഓർക്കാനാഗ്രഹിക്കാത്ത യാഥാർഥ്യമാണ്. അതുകൊണ്ട്തന്നെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് അങ്ങനെയായിക്കൂടാ എന്ന മാനസികാവസ്ഥയും ഉറച്ച തീരുമാനവും രാജ്യത്തെ ജനാധിപത്യസമൂഹം കൈക്കൊണ്ടിട്ടുണ്ട് എന്നത് പ്രതീക്ഷ നൽകുന്നുണ്ട്.

'സത്യാനന്തരകാലം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കാലത്താണ് നാം ജീവിക്കുന്നത്. അസത്യങ്ങളുടെ കുത്തൊഴുക്കിൽ ജീവശ്വാസം തേടുന്ന സത്യങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി മനസ്സിലാക്കിയേ മതിയാവൂ. രണ്ട് നിലയിലുള്ള പ്രചാരണങ്ങൾ സംഘപരിവാർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുണ്ട്. ഒന്ന് തികച്ചും കള്ളങ്ങൾ സത്യമെന്ന വ്യാജേന പ്രചരിപ്പിക്കുകയും




# നിലപാടുകളിലെ വിവേകപരത

**നബീൽ പയ്യോളി**
: +966 55 771 0981

അത് സ്ഥാപിക്കാനുള്ള വ്യാജതെളിവുകൾ അടക്കമുള്ള സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്. ബിജെപി അധികാരത്തിൽ വരാനുള്ള സാഹചര്യം മുതൽ ഈ അസത്യ പ്രചാരവേലകളും അത് പൊതുസമൂഹത്തിൽ ഉണ്ടാക്കിയ സ്വാധീനവും നമ്മുടെ മുന്നിൽ ധാരാളമുണ്ട്. ഒരായിരം നുണകൾ നമ്മുടെ മനസ്സിനെ സ്വാധീനിച്ച് ഒടുവിൽ അത് നുണകളാണെന്ന് തിരിച്ചറിഞ്ഞ് അമ്പരന്ന സംഭവങ്ങൾ നമ്മുടെ മനസ്സിലൂടെ മിന്നിമറയുന്നുണ്ട്. അപ്പോഴേക്കും ഏറെ വൈകിയിരുന്നു, അതിന്റെ ദുരന്തങ്ങൾ നാമോരോരുത്തരും ദിനേന അനുഭവിച്ചുകൊണ്ടേയിരിക്കുന്നു.

രണ്ടാമത് പ്രത്യക്ഷത്തിൽ സത്യവും നീതിയും എന്ന് തോന്നാവുന്നവയാണ്. പലരും അത്തരം കാര്യങ്ങളെ തുടക്കത്തിൽ പിന്തുണക്കുകയും അവയുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെയോ അവയിലെ ഒളിയജണ്ടകളെയോ അറിയാതെ പോവുകയാണ് പലപ്പോഴും. ഫാസിസ്റ്റുകൾക്ക് സത്യത്തോടും നീതിയോടും തെല്ലും കൂറുണ്ടാവില്ല എന്ന് തിരിച്ചറിയുന്നതുവരെ ഈ കെണിയിൽ നമ്മൾ വീണുകൊണ്ടേയിരിക്കും. രാജ്യത്തെ ജനങ്ങളെ ഇത്തരത്തിൽ വഞ്ചിച്ചാണ് സംഘപരിവാർ സ്വാതന്ത്ര്യ സമരകാലത്തും സ്വാതന്ത്ര്യാനന്തരവും രാജ്യത്ത് നിലനിന്നതും നിലനിൽക്കുന്നതും മുന്നോട്ട് പോകുന്നതും. ഈ വിഷയത്തിൽ ശക്തമായ ജാഗ്രതയും വിവേകപരമായ നിലപാടുകളും ഉണ്ടാവേണ്ടത് അനിവാര്യമാണ്.

നന്മയുടെ കണികപോലും അവശേഷിക്കാത്ത സംഘപരിവാർ കേന്ദ്രങ്ങളിൽനിന്നും അതിന് വളമേകുന്ന ഇടങ്ങളിൽനിന്നും വരുന്ന വാർത്തകളും ഏത് നീക്കങ്ങളും അവരുടെ ഗൂഢലക്ഷ്യത്തിന്റെ പ്രചാരവേലകളാണെന്ന് തിരിച്ചറിയുകയും അതേപോലെ കൈകാര്യം ചെയ്യുകയുമാണ് ജനാധിപത്യ പാതയിലേക്ക് രാജ്യത്തെ തിരിച്ചെത്തിക്കാനുള്ള മാർഗം. അവരെത്ര ആട്ടിൽതോലണിഞ്ഞാലും ചെന്നായയാണെന്ന ബോധ്യം കൈവെടിയരുത്. അതോടൊപ്പം അതിനെ നിയമാനുസൃതം പ്രതിരോധിക്കാനും നമ്മൾ തയ്യാറാവേണ്ടതുണ്ട്.

അതോടൊപ്പം പ്രതിപക്ഷനിരയെ ഇല്ലാതാക്കാനും അവരുടെ വ്യക്തിത്വത്തെയും നിലപാടുകളെയുമൊക്കെ ഇകഴ്ത്താനും സംഘപരിവാരം ശ്രമിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. രാഷ്ട്രപിതാവിന്റെ ഘാതകനെ പോലും വീരപുരുഷനായി കാണുന്നവർക്ക് അതിലും എത്രയോ താഴെയുള്ളവരെന്ത്? ഇത് പലപ്പോഴും തിരിച്ചറിയാതെ പോകുന്ന യാഥാർഥ്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ തറവാട്ടിൽ പടലപ്പിണക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പോരായ്മകളുമൊക്കെ ഉണ്ടാവും. പക്ഷേ, അതൊന്നും പൊതു ശത്രുവിനെതിരെയുള്ള പോരാട്ടത്തെ ബാധിക്കാതെ നോക്കേണ്ടത് ആ കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും ബാധ്യതയാണ്. കുടുംബത്തിന്റെ നന്മയുദ്ദേശിച്ച് എന്ന വ്യാജേന ഉപദേശിക്കാനും ആക്രമിക്കാനും വരുന്നവർക്കും ലക്ഷ്യം ഒന്നു മാത്രം. ആ കുടുംബം തകരണം. അതിനുള്ള വ്യത്യസ്ത വഴികളാണ് അവർ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്.

ഈ ബോധ്യത്തിൽനിന്നും പ്രതിപക്ഷ കക്ഷികളെ ഉപദേശിക്കാൻ വരുന്നവരും അവരുടെ നിലപാടുകളെ ചോദ്യം ചെയ്യുന്നവരും സംഘപരിവാറിന് വളമാകുന്ന ക്ഷുദ്രജീവികളാണെന്നത് മറക്കരുത്. അവരുടെ ലക്ഷ്യം ആരുടെയും നന്മയോ നീതിബോധമോ അല്ല, മറിച്ച് രാജ്യത്തെ തകർക്കാനും ജനങ്ങളുടെ സൈ്വര്യജീവിതം ഇല്ലാതാക്കാനും എന്തൊക്കെ ചെയ്യാം എന്നത് മാത്രമാണ്. അവിടെ നിതാന്ത ജാഗ്രത പാലിക്കാനും പരസപരം വിഴുപ്പലക്കലും ശത്രുവിന്റെ ഉപദേശങ്ങൾക്ക് കാതോർക്കലും അവരുടെ പ്രചാരവേലകൾക്ക് വഴിപ്പെടലും ഒന്നും ജനാധിപത്യ ബോധ്യമുള്ളവരുടെ ഭാഗത്തുനിന്നും ഉണ്ടാകാവതല്ല. ഏത് നിലയിലും അവരുടെ ഭാഗത്തു നിന്നുണ്ടാകുന്നതെല്ലാം അവരുടെ സ്വാർഥ താൽപര്യങ്ങളിൽനിന്നും ഉടലെടുക്കുന്നതാണെന്നും നന്മയും നീതിയും അതിന്റെ പ്രചോദനങ്ങൾ അല്ലെന്നും തിരിച്ചറിയുമ്പോൾ അസത്യങ്ങളുടെ കുത്തൊഴുക്കിനെതിരിൽ നീതി മാർഗത്തിൽ ഉറച്ചുനിൽക്കാൻ സാധിക്കും. ലോകം മുഴുവൻ കാശ് കൊടുത്ത് വാങ്ങിയാലും എന്നെയും എന്റെ നിലപാടുകളെയും ആർക്കും വാങ്ങാൻ സാധ്യമല്ലെന്ന് തീരുമാനിക്കാനുള്ള മനക്കരുത്ത് ഉണ്ടാവാൻ ബോധപൂർവമായ പരിശ്രമങ്ങൾ അനിവാര്യമാണ്.



# പ്രവാചകന്മാർ; ദൗത്യവും സന്ദേശവും

ഉസ്മാൻ പാലക്കാഴി
: 9656 292 244

**അല്ലാഹുവിന്റെ സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. നന്മ ചെയ്ത് ഉത്തമരാവാനും തിന്മ ചെയ്ത് അധമരാവാനും പറ്റിയ രൂപത്തിലാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യർക്ക് നേർവഴി കാട്ടാനായി അവരിൽ നിന്നുതന്നെ ദൈവം തെരഞ്ഞെടുത്തവരാണ് പ്രവാചകന്മാർ. സ്രഷ്ടാവായ അല്ലാഹുവിന്റെ നിയമനിർദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ നിയുക്തരായ പ്രവാചകന്മാരെ കുറിച്ച് അറിഞ്ഞിരിക്കൽ ഓരോരുത്തരുടെയും കടമയാണ്.**

പ്രപഞ്ചവും പ്രപഞ്ചത്തിലെ ജീവജാലങ്ങളും അജൈവ വസ്തുക്കളുമൊന്നും താനേ ഉണ്ടായതല്ല. സർവശക്തനും സൂക്ഷ്മജ്ഞാനിയുമായ ദൈവം സൃഷ്ടിച്ചതാണെല്ലാം. അല്ലെന്നു പറയുന്നവർ സ്വന്തം മനസ്സാക്ഷിപോലും അംഗീകരിക്കാത്ത കാര്യമാണ് പറയുന്നത്. ഒരു തീപ്പെട്ടിക്കൊള്ളി കാണിച്ച് ഇത് സ്വയം ഉണ്ടായതാണെന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ തയ്യാറാകാത്ത, അതിനു പിന്നിൽ ഒട്ടേറെ മനുഷ്യരുടെ പ്രയത്നമുണ്ടെന്ന് വിശദീകരിക്കുന്ന ഒരാൾ കോടിക്കണക്കായ നക്ഷത്രങ്ങളും ഗ്രഹങ്ങളും ഭൂമിയും അതിലെ എണ്ണിയാലൊടുങ്ങാത്ത ജീവിവർഗങ്ങളും താനേ ഉണ്ടായതാണെന്നു പറയുന്നുവെങ്കിൽ അതിനെക്കാൾ വലിയ വിരോധാഭാസം എന്താണുള്ളത്?

വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത് സൂക്ഷ്മ, സ്ഥൂല പ്രപഞ്ചം അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്നാണ്. "..എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്" (6:101).

"...ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (25:2).

ജീവികളെ വെറുതെയങ്ങ് സൃഷ്ടിച്ചുവിട്ടിരിക്കുകയല്ല സ്രഷ്ടാവ് ചെയിതിരിക്കുന്നത്; അവയ്ക്ക് വളരുവാനും ഇരതേടുവാനും ഇണചേരുവാനും താമസസ്ഥലമൊരുക്കുന്നതിനുമൊക്കെ ആവശ്യമായ ചോദനകളും കഴിവുകളും കൂടെ നൽകിയിട്ടുണ്ട്. അവ ഏതുതരം ഭൂപ്രദേശത്താണോ ജീവിക്കുന്നത് അവിടെ അതിജീവനം സാധ്യമാകും വിധത്തിലുള്ള ബാഹ്യവും ആന്തരികവുമായ പ്രത്യേകതകൾ അവയ്ക്ക് നൽകപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക. സൃഷ്ടിക്കുകയും, സംവിധാനിക്കുകയും ചെയ്ത (രക്ഷിതാവിന്റെ). വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനും" (87:1-3).

"അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്" (ക്വുർആൻ 20:50).

**ജന്മവാസനകൾ**

ഓരോ ജീവിക്കും നിലനിൽപിനാവശ്യമായ ജന്മവാസനകൾ നൽകപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് കൃത്യമായി മനസ്സിലാക്കുകയാണെങ്കിൽ നാം അത്ഭുതപ്പെട്ടുപോകും. അത്രയും കൃത്യതയും കണിശതയും അതിൽ കണ്ടെത്താനാകും.

ഉദാഹരണത്തിന് 'കാട്ടിലെ എഞ്ചിനീയർ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജീവിയായ



ബീവറിനെ എടുക്കാം. അവ അണക്കെട്ടുനിർമാണത്തിൽ അതിവിദഗ്ധരാണ്. സ്വന്തം പല്ലുകളും ശരീരഭാഗങ്ങളുമുപയോഗിച്ച് മരങ്ങൾ മുറിച്ച് അണകെട്ടേണ്ട സ്ഥലത്തെത്തിക്കും. ഇങ്ങനെ വെള്ളം കെട്ടിനിർത്തി അതിനു നടുവിൽതന്നെ ബീവറുകൾ വീടും ഒരുക്കും. മരച്ചില്ലകളും ചെളിയും ഉപയോഗിച്ചാണ് വീടുനിർമാണം. ജലത്തിനടിയിലാണ് വീടിന്റെ വാതിൽ. മഞ്ഞുകാലത്ത് ജലം ഉറഞ്ഞ് ഐസാകുമ്പോൾ പോലും ജലാശയത്തിനടിയിലേക്കും ഭക്ഷണക്കലവറയിലേക്കും പോകാനുള്ള മാർഗങ്ങളും ബീവർ വീടുനിർമിക്കുമ്പോഴേ ഉണ്ടാക്കും. മഞ്ഞുകാലം കഴിയുമ്പോൾ മഞ്ഞുരുകി ജലനിരപ്പുയർന്നാലും വീടിനെ രക്ഷിക്കാൻ മാർഗമുണ്ട്. ഡാമിന്റെ ഒരറ്റത്തുണ്ടാക്കിയ വിള്ളലിലൂടെ അധികമുള്ള വെള്ളം പുറത്തേക്ക് ഒഴുക്കിക്കളയും.

തേനീച്ചയെക്കുറിച്ച് ചിന്തിച്ചുനോക്കുക. അവയുടെ കൂടുനിർമാണവും അവ തമ്മിൽ നടത്തുന്ന ആശയ വിനിമയവും വിസ്മയിപ്പിക്കുന്നതാണ്. അല്ലാഹു പറയുന്നു:

"നിന്റെ നാഥൻ തേനീച്ചയ്ക്ക് ഇപ്രകാരം ബോധനം നൽകുകയും ചെയ്തിരിക്കുന്നു: മലകളിലും മരങ്ങളിലും മനുഷ്യർ കെട്ടിയുയർത്തുന്നവയിലും നീ പാർപ്പിടങ്ങളുണ്ടാക്കിക്കൊള്ളുക" (ക്വുർആൻ 16:68).

ഇങ്ങനെ ഏതു ജീവിയെക്കുറിച്ച് പഠിക്കാൻ ശ്രമിച്ചാലും നമ്മെ വിസ്മയിപ്പിക്കുന്ന, എങ്ങനെ ഇവയ്ക്ക് ഇതിന് കഴിയുന്നു, ആരാണിത് പഠിപ്പിച്ചത് എന്ന ചോദ്യം നമ്മുടെയുള്ളിലുണ്ടാക്കുന്ന ഒട്ടേറെ കഴിവുകൾ കാണാം. അല്ലാഹു പറയുന്നത് അവനാണ് അവയ്ക്ക് മാർഗദർശനം നൽകിയത് എന്നാണ്. ജന്മനാ അല്ലാഹു അവയ്ക്ക് നൽകുന്ന കഴിവും ബോധനവുമാണത്. അതുകൊണ്ടാണ് ആരും പഠിപ്പിച്ചുകൊടുക്കാതെ

**പ്രപഞ്ചവും പ്രപഞ്ചത്തിലെ ജീവജാലങ്ങളും അജൈവ വസ്തുക്കളുമൊന്നും താനേ ഉണ്ടായതല്ല. സർവശക്തനും സൂക്ഷ്മജ്ഞാനിയുമായ ദൈവം സൃഷ്ടിച്ചതാണെല്ലാം. അല്ലെന്നു പറയുന്നവർ സ്വന്തം മനസ്സാക്ഷിപോലും അംഗീകരിക്കാത്ത കാര്യമാണ് പറയുന്നത്. ഒരു തീപ്പെട്ടിക്കൊള്ളി കാണിച്ച് ഇത് സ്വയം ഉണ്ടായതാണെന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ തയ്യാറാകാത്ത, അതിനു പിന്നിൽ ഒട്ടേറെ മനുഷ്യരുടെ പ്രയത്നമുണ്ടെന്ന് വിശദീകരിക്കുന്ന ഒരാൾ കോടിക്കണക്കായ നക്ഷത്രങ്ങളും ഗ്രഹങ്ങളും ഭൂമിയും അതിലെ എണ്ണിയാലൊടുങ്ങാത്ത ജീവിവർഗങ്ങളും താനേ ഉണ്ടായതാണെന്നു പറയുന്നുവെങ്കിൽ അതിനെക്കാൾ വലിയ വിരോധാഭാസം എന്താണുള്ളത്?**

> ഒരു കുട്ടിയായി പിറന്ന് വാർധക്യത്തിൽ എത്തി മരിക്കുന്ന ഒരു മനുഷ്യന്റെ ശരീര ഘടനയിൽ വരുന്ന മാറ്റങ്ങളിൽ ആ വ്യക്തിക്ക് യാതാരു പങ്കുമില്ല. എല്ലാം തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും അല്ലാഹു മാത്രം. ജനിക്കുന്ന വേളയിൽ മറ്റു പല ജീവികൾക്കുമുള്ള കഴിവ് നൽകപ്പെടാത്തവനാണ് മനുഷ്യക്കുഞ്ഞ്. ഒരു ആട്ടിൻകുട്ടിയോ പശുക്കുട്ടിയോ ജനിച്ച് അൽപ സമയം കഴിഞ്ഞാൽ നടക്കാൻ തുടങ്ങും. മാതാവിന്റെ അകിടു തേടിച്ചെന്ന് പാൽകുടിക്കും. എന്നാൽ മനുഷ്യക്കുഞ്ഞിന് ഇത് അസാധ്യമാണ്.

അവയ്ക്ക് അതിന് സാധ്യമാകുന്നത്.

ഓരോ ജീവിക്കും അതിന്റെ ജീവിത സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഇന്ദ്രിയാവബോധം നൽകിയിരിക്കുന്നു. ഉറുമ്പും നായയും ഘ്രാണണശക്തിയിൽ മികച്ചു നിൽക്കുന്നവയാണ്. ഒരു ശർക്കരപ്പൊട്ട് മേശപ്പുറത്ത് വെച്ചു നോക്കുക. എത്ര പെട്ടെന്നാണ് നൂറുകണക്കിന് ചോണനുറുമ്പുകൾ അതിനു ചുറ്റും വന്നുകൂടുന്നത് എന്നു കാണാം. നായയുടെ മണം പിടിക്കാനുള്ള കഴിവുകൊണ്ടാണല്ലോ പൊലീസ് സേന അവയെ ഉപയോഗിക്കുന്നത്. കഴുകനും പരുന്തിനും മൂർച്ചയേറിയ കാഴ്ചശക്തിയാണുള്ളത്. വവ്വാലിന് അതിസൂക്ഷ്മമായ ശബ്ദവീചികൾ പോലും കേൾക്കാനുള്ള കഴിവുണ്ട്. ഇങ്ങനെ ഓരോതരം ജീവിക്കും അനുയോജ്യമായ സവിശേഷതകളുള്ളതായി കാണുവാൻ സാധിക്കും.

**മനുഷ്യൻ**

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒട്ടേറെ സവിശേഷതകളുള്ള ജീവിയാണ് മനുഷ്യൻ.

"തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാംവാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 95:4).

മനുഷ്യശരീരത്തിന്റെ നിസ്തുലമായ ഘടനയും അതിന്റെ സങ്കീർണമായ പ്രവർത്തനങ്ങളും വിസ്മയകരമാണ്. അല്ലാഹു ചോദിക്കുന്നു:

"ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞതെന്താണ്? നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും ചെയ്തവനത്രെ അവൻ. താൻ ഉദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിച്ചവൻ" (ക്വുർആൻ 82:6-8).

നമ്മുടെ ആരുടെയും അഭിപ്രായ പ്രകാരമല്ല നാം ഇവിടെ ജനിച്ചതും ഇനി ഇവിടെ നിന്ന് വിടപറഞ്ഞ് പോകുന്നതും. ഒരു കുട്ടിയായി പിറന്ന് വാർധക്യത്തിൽ എത്തി മരിക്കുന്ന ഒരു മനുഷ്യന്റെ ശരീര ഘടനയിൽ വരുന്ന മാറ്റങ്ങളിൽ ആ വ്യക്തിക്ക് യാതാരു പങ്കുമില്ല. എല്ലാം തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും അല്ലാഹു മാത്രം. ജനിക്കുന്ന വേളയിൽ മറ്റു പല ജീവികൾക്കുമുള്ള കഴിവ് നൽകപ്പെടാത്തവനാണ് മനുഷ്യക്കുഞ്ഞ്. ഒരു ആട്ടിൻകുട്ടിയോ പശുക്കുട്ടിയോ ജനിച്ച് അൽപ സമയം കഴിഞ്ഞാൽ നടക്കാൻ തുടങ്ങും. മാതാവിന്റെ അകിടു തേടിച്ചെന്ന് പാൽകുടിക്കും. എന്നാൽ മനുഷ്യക്കുഞ്ഞിന് ഇത് അസാധ്യമാണ്. അല്ലാഹു പറയുന്നു:

"നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്ത് കൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി" (ക്വുർആൻ 16:78).

ക്രമേണ മനുഷ്യനിൽ ഓരോ കഴിവും വികസിച്ചുവരുന്നു. മാതാപിതാക്കളിൽനിന്നും ചുറ്റുപാടുകളിൽനിന്നും അവൻ പലതും മനസ്സിലാക്കുന്നു. പഞ്ചേന്ദ്രിയങ്ങളിലൂടെ പലതും തിരിച്ചറിയുന്നു. സംസാരിക്കാൻ ശീലിക്കുന്നു. അങ്ങനെ ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. തനിക്ക് നൽകപ്പെട്ട ബുദ്ധിയും ചിന്താശേഷിയും ഉപയോഗപ്പെടുത്തി പലതും നേടിയെടുക്കുന്നു.

ശാസ്ത്ര, സാങ്കേതിക വിവരങ്ങളുടെ രംഗത്ത് മനുഷ്യൻ ദിനേന മുന്നോട്ടു കുതിക്കുകയാണ്. പക്ഷേ, മനുഷ്യന് പ്രപഞ്ചത്തെ മനസ്സിലാക്കാൻ കഴിയുന്നതിൽ, അറിവ് നേടുന്നതിൽ പരിമിതികളുണ്ട്. സ്ഥലകാല നൈരന്തര്യത്തിന് പുറത്തെ ഒന്നിനെക്കുറിച്ചും അവന് ചിന്തിക്കാനാവില്ല. പ്രപഞ്ചത്തെയോ പദാർഥങ്ങളെയോ കുറിച്ച് പൂർണമായി അറിയാൻ അവന് കഴിയില്ല. അല്ലാഹു പറയുന്നു:

"...അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല" (ക്വുർആൻ 17:85).

**ജീവിതലക്ഷ്യം**

ഏറെ സവിശേഷതകളുള്ള, കണ്ടുപിടിത്തങ്ങൾ നടത്താൻ ശേഷിയുള്ള, നാഗരികതകൾ കെട്ടിപ്പടുക്കാൻ കെൽപുള്ള മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമെന്താണ്? എവിടെനിന്നാണ് താൻ വന്നത്? മരണശേഷം എന്താണ് തന്റെ അവസ്ഥ? എന്താണ് നന്മ? എന്താണ് തിന്മ? നന്മ ചെയ്താൽ എന്താണ് ഗുണം? തിന്മ ചെയ്താൽ

എന്താണ് ദോഷം? അവനവന്റെ സുഖജീവിതത്തിന്റെ മാർഗത്തിൽ മറ്റുള്ളവർക്ക് പ്രയാസമുണ്ടാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത് തെറ്റോ ശരിയോ? ഭൂമിയിൽ തനിക്ക് മനുഷ്യനായി ജനിക്കാൻ അവസരം തന്ന, എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സ്രഷ്ടാവിവിനോട് നന്ദി കാണിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങനെയായിരിക്കണം? ആരാണത് പഠിപ്പിച്ചുതരിക? ഇത്തരം ചോദ്യങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്താൻ സാധ്യമല്ല. ശാസ്ത്രത്തിന്റെ പക്കൽ ഇതിനൊന്നും ഉത്തരമില്ല. നന്മതിന്മകളും ജീവിത ലക്ഷ്യവും മനുഷ്യർ സ്വയം തീരുമാനിക്കുകയാണെങ്കിൽ വൈരുധ്യങ്ങളുടെ സംഘട്ടനമാണ് നടക്കുക. കാലുഷ്യങ്ങൾ വിട്ടകലില്ല. സ്രഷ്ടാവിൽനിന്നുള്ള ബോധനത്തിലൂടെ മാത്രമെ ഇതിനെല്ലാം കൃത്യവും വ്യക്തവുമായ ഉത്തരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

**ദൈവിക ബോധനത്തിന്റെ അനിവാര്യത**

മനുഷ്യരെ സൃഷ്ടിച്ച, ത്രികാലജ്ഞാനിയായ സ്രഷ്ടാവിനു മാത്രമെ അവരുടെ പ്രശ്നങ്ങൾക്കുള്ള പ്രായോഗിക പരിഹാരം നിർദേശിക്കുവാനും നന്മതിന്മകളെന്തെന്ന് വ്യവഛേദിച്ച് കൊടുക്കുവാനും കഴിയുകയുള്ളൂ. അതിനായി അല്ലാഹു നിയോഗിച്ചവരാണ് പ്രവാചകന്മാർ. ഇന്ദ്രിയാതീതമായ അറിവ് സമ്പാദിക്കാൻ ദൈവിക ബോധനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ കഴിയില്ല. മനുഷ്യരെ സൃഷ്ടിച്ച നാഥൻ അവരുടെ ഇഹപര ജീവിത വിജയത്തിനാവശ്യമായ കാര്യങ്ങൾ കാലാകാലങ്ങളിൽ അവന്റെ ദൂതന്മാർ മുഖേന നൽകിയിട്ടുണ്ട്.

"...തീർച്ചയായും അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. ലോകരക്ഷിതാവിന് കീഴ്പെടുവാനാണ് ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നത്" (ക്വുർആൻ: 6:71).

തെളിച്ചമുള്ള രണ്ടുവഴികൾ-ഒന്ന് സ്വർഗത്തിലേക്കുള്ളത്, മറ്റൊന്ന് നരകത്തിലേക്കുള്ളത്-അല്ലാഹു മാനവരാശിക്ക് കാണിച്ചു കൊടുത്തിട്ടുണ്ട്.

"തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവന്നു നാം കാട്ടികൊടുക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ: 90:10).

മനുഷ്യന് അല്ലാഹു ഇച്ഛാസ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ഏതു വഴിയും അവന് തിരഞ്ഞെടുക്കാം.

"...തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (76:3).

**മാർഗദർശനം പിൻപറ്റുന്നവർക്ക് വിജയം**

അല്ലാഹുവിന്റെ മാർഗദർശനം പിൻപറ്റി ജീവിക്കുന്നവർക്കാണ് ആത്യന്തിക വിജയം നേടാനാവുക. ഇക്കാര്യം ആദം നബി(അ)യിലൂടെ തന്നെ അല്ലാഹു അറിയിച്ചിട്ടുണ്ട്.

"..എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (2:38).

"...എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകുകയില്ല, കഷ്ടപ്പെടുകയുമില്ല" (20:123).

**പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ അനിവാര്യത**

അല്ലാഹു അവന്റെ മാർഗദർശനം ലോകരിലേക്ക് എത്തിച്ചുകൊടുത്തത് അവൻ നിയോഗിച്ചയച്ച പ്രവാചകൻമാരിലൂടെയാണ്. ആ പ്രവാചകൻമാർ പൂർണരായ മനു

**ഭൂമിയിൽ തനിക്ക് മനുഷ്യനായി ജനിക്കാൻ അവസരം തന്ന, എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സ്രഷ്ടാവിവിനോട് നന്ദി കാണിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങനെയായിരിക്കണം? ആരാണത് പഠിപ്പിച്ചുതരിക? ഇത്തരം ചോദ്യങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്താൻ സാധ്യമല്ല. ശാസ്ത്രത്തിന്റെ പക്കൽ ഇതിനൊന്നും ഉത്തരമില്ല. നന്മതിന്മകളും ജീവിത ലക്ഷ്യവും മനുഷ്യർ സ്വയം തീരുമാനിക്കുകയാണെങ്കിൽ വൈരുധ്യങ്ങളുടെ സംഘട്ടനമാണ് നടക്കുക. കാലുഷ്യങ്ങൾ വിട്ടകലില്ല. സ്രഷ്ടാവിൽനിന്നുള്ള ബോധനത്തിലൂടെ മാത്രമെ ഇതിനെല്ലാം കൃത്യവും വ്യക്തവുമായ ഉത്തരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.**



ഷ്യരായിരുന്നു. അവരെ അല്ലാഹുവിന്റെ ദൂതന്മാരായി മാത്രമാണ് കാണേണ്ടത്; അവർക്ക് ദിവ്യത്വം കൽപിക്കുവാനോ അവരോട് പ്രാർഥനകൾ നടത്തുവാനോ പാടില്ല. ഈസാ നബി(അ)ക്ക് ദൈവപുത്ര പദവി നൽകിയവരെ ആക്ഷേപിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

"വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹുതന്നെ മതി" (4:171).

അല്ലാഹു ഏകനാണ്. പ്രപഞ്ചത്തെ മുൻമാതൃകയില്ലാതെ സൃഷ്ടിച്ച അവന് യാതൊരു പങ്കാളിയുമില്ല. അവൻ ഇച്ഛിക്കുന്നതെന്തോ അതേ സംഭവിക്കുകയുള്ളൂ.

"ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു" (2:117).

എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കേണ്ടതിന്റെ അനിരവാര്യത അല്ലാഹു ഉണർത്തുന്നു:

"തന്റെ രക്ഷിതാവിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു.

> **മുഹമ്മദ് നബി(സ്വ)യെ അംഗീകരിക്കുവാൻ വിസമ്മതം കാണിച്ച മുശ്‌രിക്കുകൾ അതിന് പലവിധ മുടന്തൻ ന്യായങ്ങളും നിരത്തിയതായി ക്വുർആൻ പറയുന്നത് കാണാം. അനാഥനായി ജനിച്ചുവളർന്ന മുഹമ്മദ് നബി(സ്വ)യെ മഹാനായി ഗണിക്കാൻ അവരുടെ അഹങ്കാരം സമ്മതിച്ചില്ല. മക്കയിലോ ത്വാഇഫിലോ ഉള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്ന് അവർ ചോദിച്ചു.**

(അതിനെതുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്). അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം" (2:285).

അല്ലാഹുവിലും അവന്റെ പ്രവാചകൻമാരിലും മാത്രം വിശ്വസിച്ചതുകൊണ്ട് ഒരാൾ യഥാർഥ വിശ്വാസികയാവുകയില്ല.

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (4:136).

### പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ പ്രധാന ഭാഗങ്ങൾ

അവരുടെ പ്രവാചകത്വത്തെ അംഗീകരിക്കുക. സൃഷ്ടികൾക്ക് മാർഗദർശനത്തിനായി അല്ലാഹു അവരെ തിരഞ്ഞെടുത്തിരിക്കുന്നു. അവർ മാതൃകാപുരുഷന്മാരാണ്.

"മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും അല്ലാഹു ദൂതൻമാരെ തിരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമത്രെ" (22:75).

"ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനം നൽകപ്പെടുന്നത് നീ ശ്രദ്ധിച്ച് കേട്ടുകൊള്ളുക" (20:13).

മുഹമ്മദ് നബി(സ്വ)യെ അംഗീകരിക്കുവാൻ വിസമ്മതം കാണിച്ച മുശ്‌രിക്കുകൾ അതിന് പലവിധ മുടന്തൻ ന്യായങ്ങളും നിരത്തിയതായി ക്വുർആൻ പറയുന്നത് കാണാം. അനാഥനായി ജനിച്ചുവളർന്ന മുഹമ്മദ് നബി(സ്വ)യെ മഹാനായി ഗണിക്കാൻ അവരുടെ അഹങ്കാരം സമ്മതിച്ചില്ല. മക്കയിലോ ത്വാഇഫിലോ ഉള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്ന് അവർ ചോദിച്ചു:

"ഈ രണ്ട് പട്ടണങ്ങളിൽനിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു" (43:32).

"അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടു

ന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്ത് തിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെ പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്'' (25:7,8).

പ്രവാചകത്വം സ്വന്തമായി നേടിയെടുക്കാവുന്നതല്ല. പ്രവാചകത്വം ആഗ്രഹിച്ചു നടക്കുന്നു എന്നതിനാൽ ഒരാൾക്കും അത് അല്ലാഹു നൽകുകയില്ല. നബി(സ്വ) പ്രവാചകത്വം ആഗ്രഹിച്ചുകൊണ്ടല്ല ഹിറാ ഗുഹയിൽ പോയി ഇരുന്നിരുന്നത്.

"നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു)...'' (28:86)

തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനെ അംഗീകരിക്കലും അനുസരിക്കലും അവരെ സ്നേഹിക്കലും ആദരിക്കലും സത്യപ്പെടുത്തലും ജനതയുടെ കടമയാണ്. ഒരു പ്രവാചകനിൽനിന്നും കളവോ വഞ്ചനയോ സത്യം മറച്ചുവെക്കലോ ഉണ്ടാകില്ല.

നബി(സ്വ) പറഞ്ഞു: "അല്ലാഹു അയച്ച ഏതൊരു പ്രവാചകനും തന്റെ സമൂഹത്തെ താനറിയുന്ന നന്മ അറിയിക്കലും താനറിയുന്ന തിന്മകളിൽനിന്ന് താക്കീത് ചെയ്യലും അനിവാര്യമാണ്'' (മുസ്‌ലിം).

പ്രവാചകന്മാരെല്ലാം അവരവരുടെ ഉത്തരവാദിത്തങ്ങൾ പരിപൂർണമായ രീതിയിൽ നിർവഹിച്ചിട്ടുണ്ട്. തങ്ങളുടെ ജനങ്ങൾക്കെതിരിൽ വ്യക്തമായ തെളിവ് സ്ഥാപിച്ചതിന് ശേഷമല്ലാതെ അല്ലാഹു പ്രവാചകന്മാരെ മരിപ്പിക്കുകയില്ല:

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു'' (4:165),

"നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. അമ്പതുകൊല്ലം ഒഴിച്ചാൽ ആയിരം വർഷം തന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചുകൂട്ടി. അങ്ങനെ അവർ അക്രമികളായിരിക്കെ പ്രളയം അവരെ പിടികൂടി'' (29:14).

നബി(സ്വ) പറഞ്ഞു: "അല്ലാഹുവോളം തെളിവ് ഇഷ്ടപ്പെടുന്ന ആരുംതന്നെയില്ല. അതിനാൽ അവൻ ഗ്രന്ഥമിറക്കുകയും ദൂതന്മാരെ അയക്കുകയും ചെയ്തു'' (മുസ്‌ലിം).

പ്രവാചകന്മാർ വൻപാപങ്ങളിൽനിന്നും മുക്തരാണ് (പാപസുരക്ഷിതരാണ്). മനുഷ്യരെന്ന നിലയിൽ ചെറിയ തെറ്റുകൾ സംഭവിച്ചേക്കാം. പക്ഷേ, അത് വഹ്‌യിനെ ബാധിക്കുന്നതായിരിക്കില്ല. അല്ലാഹു ഉടനെ അവരെ തൗബ ചെയ്യാൻ അനുഗ്രഹിക്കും.

നൂഹ് നബി(അ) മകനെ സംബന്ധിച്ചു പറഞ്ഞത് ചെറിയ അപാകതയ്ക്ക് ഉദാഹരണമാണ്. അല്ലാഹു പറയുന്നു:

"നൂഹ് തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ മകൻ എന്റെ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണുതാനും. നീ വിധികർത്താക്കളിൽവെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്. അവൻ (അല്ലാഹു) പറഞ്ഞു: നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്തവനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായി പോകരുതെന്ന് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്. അദ്ദേഹം (നൂഹ്) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും നീഎന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും'' (11:45-47).

യൂനുസ് നബി(അ) നാടുവിട്ടത് മറ്റൊരു ഉദാഹരണമാണ്. അല്ലാഹു പറയുന്നു: "ദുന്നൂനിനെയും (ഓർക്കുക). അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽനിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു'' (21:87).



**(അവസാനിച്ചില്ല)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

وَهُوَ ٱلَّذِى يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَعْفُوا۟ عَنِ
ٱلسَّيِّـَٔاتِ وَيَعْلَمُ مَا تَفْعَلُونَ ﴿٢٥﴾

وَيَسْتَجِيبُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ
وَيَزِيدُهُم مِّن فَضْلِهِۦ ۚ وَٱلْكَـٰفِرُونَ لَهُمْ عَذَابٌ
شَدِيدٌ ﴿٢٦﴾

وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ
وَلَـٰكِن يُنَزِّلُ بِقَدَرٍ مَّا يَشَآءُ ۚ إِنَّهُۥ بِعِبَادِهِۦ خَبِيرٌۢ
بَصِيرٌ ﴿٢٧﴾

وَهُوَ ٱلَّذِى يُنَزِّلُ ٱلْغَيْثَ مِنۢ بَعْدِ مَا قَنَطُوا۟
وَيَنشُرُ رَحْمَتَهُۥ ۚ وَهُوَ ٱلْوَلِىُّ ٱلْحَمِيدُ ﴿٢٨﴾

25. അവനാകുന്നു തന്റെ ദാസൻമാരിൽനിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പുനൽകുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അവൻ അറിയുകയും ചെയ്യുന്നു.

26. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവൻ (പ്രാർഥനയ്ക്ക്) ഉത്തരം നൽകുകയും, തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് കൂടുതൽ നൽകുകയും ചെയ്യും. സത്യനിഷേധികളാവട്ടെ, കഠിനമായ ശിക്ഷയാണ് അവർക്കുള്ളത്.

27. അല്ലാഹു തന്റെ ദാസൻമാർക്ക് ഉപജീവനം വിശാലമാക്കികൊടുത്തിരുന്നെങ്കിൽ ഭൂമിയിൽ അവർ അതിക്രമം പ്രവർത്തിക്കുമായിരുന്നു. പക്ഷേ, അവൻ ഒരു കണക്കനുസരിച്ച് താൻ ഉദ്ദേശിക്കുന്നത് ഇറക്കിക്കൊടുക്കുന്നു. തീർച്ചയായും അവൻ തന്റെ ദാസൻമാരെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനും കണ്ടറിയുന്നവനുമാകുന്നു.

28. അവൻ തന്നെയാകുന്നു മനുഷ്യർ നിരാശപ്പെട്ടുകഴിഞ്ഞതിനു ശേഷം മഴ വർഷിപ്പിക്കുകയും തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവൻ. അവൻ തന്നെയാകുന്നു സ്തുത്യർഹനായ രക്ഷാധികാരി.

25). അല്ലാഹുവിന്റെ ഔദാര്യവും അതിന്റെ പൂർണതയും വിശാലതയും അവന്റെ സമ്പൂർണ സ്നേഹവുമാണ് ഇവിടെ വ്യക്തമാക്കുന്നത്. (പശ്ചാത്താപം സ്വീകരിക്കുന്നവൻ) സംഭവിക്കുന്നതിന്. (തന്റെ ദാസന്മാരിൽനിന്ന്) പാപങ്ങളെ പിഴുതെറിയുകയും അത് സംഭവിച്ചുപോയതിൽ ഖേദിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ച് അതിലേക്ക് മടങ്ങില്ലെന്ന് തീരുമാനിക്കുകയും ചെയ്യുമ്പോൾ, ഇഹലോകത്തും പരലോകത്തും ശിക്ഷ ലഭിക്കുന്നതും നാശത്തിന് കാരണവുമായേക്കാവുന്ന ഒരു തെറ്റ് സംഭവിച്ചതിനുശേഷം. (അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യുന്നു) അതിനെ മായ്ച്ചുകളയുന്നു. അതുമൂലമുണ്ടാകുന്ന തകരാറുകളെയും ലഭിച്ചേക്കാവുന്ന ശിക്ഷയെയും. അങ്ങനെ പശ്ചാത്തപിക്കുന്നവൻ മാന്യനാകുന്നു; തീരെ തിന്മ പ്രവർത്തിക്കാത്തവനെപ്പോലെ. അവനെ അല്ലാഹു

സ്നേഹിക്കുകയും അവന്റെ സാമീപ്യം ലഭിക്കാനുള്ള വഴിയൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു.

തൗബ(പശ്ചാത്താപം) എന്നത് ഒരു മഹത്തായ കർമമാണ്. സത്യസന്ധതയോടും ആത്മാർഥതയോടും കൂടിയാകുമ്പോൾ അത് പൂർണമായിരിക്കും. എന്നാൽ അവ രണ്ടും കുറയുമ്പോൾ തൗബ അപൂർണമായിരിക്കുകയും ചെയ്യും. മാത്രവുമല്ല ഭൗതിക ലക്ഷ്യങ്ങൾക്കാകുമ്പോൾ അത് അധർമം കൂടിയാണ്. ഇതെല്ലാം സംഭവിക്കുന്നത് ഹൃദയത്തിനകത്താണ്. അതറിയാൻ അല്ലാഹുവിന് മാത്രമെ കഴിയൂ. അതാണ് ഈ വചനത്തിന്റെ അവസാനത്തിൽ പറഞ്ഞത്: (നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അതവൻ അറിയുകയും ചെയ്യുന്നു)

26). എല്ലാ ന്യൂനതകളിൽനിന്നും പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങാൻ എല്ലാ അടിമകളോടും അല്ലാഹു ആവശ്യപ്പെടുകയാണിവിടെ. അവൻ ഉത്തരം നൽകുന്നതിന്റെ തോതനുസരിച്ച് അവൻ ദാസന്മാരെ രണ്ടായി തിരിക്കുന്നു. ഒന്ന്, ഉത്തരം നൽകുന്നവർ. അവരെക്കുറിച്ച് പറഞ്ഞത് (വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവൻ ഉത്തരം നൽകുന്നു.) തങ്ങളുടെ രക്ഷിതാവിന് അവൻ വിളിക്കുന്നതിലേക്ക് ഉത്തരം നൽകുന്നവർ. അവന് കീഴൊതുങ്ങുകയും ചെയ്യുന്നവർ. കാരണം, ശരിയായ വിശ്വാസവും സൽകർമവും അവരെ അതിന് പ്രേരിപ്പിക്കുന്നു. അവന് അവർ ഉത്തരം നൽകുമ്പോ ൾ അവൻ അവർക്ക് നന്ദി ചെയ്യും. അവൻ എല്ലാം പൊറുക്കുന്നവനും അങ്ങേയറ്റം നന്ദി കാണിക്കുന്നവനുമാകുന്നു. (തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് കൂടുതൽ നൽകുകയും ചെയ്യുന്നു) അതായത് സൽകർമങ്ങൾ ചെയ്യാനുള്ള ആവേശവും സഹായവും അവരുടെ പ്രവർത്തനങ്ങൾക്ക് അർഹതപ്പെട്ടതിലും അധികം ഇരട്ടി പ്രതിഫലവും നൽകുന്നു. എന്നാൽ അവൻ ഉത്തരം നൽകാത്തവർ; അവർ ധിക്കാരികളാണ്. (സത്യനിഷേധികൾ) അല്ലാഹുവിലും അവന്റെ ദൂതന്മാരിലും. തീർച്ചയായും (കഠിന ശിക്ഷയാണവർക്കുള്ളത്) ഇഹത്തിലും പരത്തിലും.

27). തുടർന്ന് പരാമർശിക്കുന്നത് അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള സ്നേഹമാണ്. അവരുടെ മതജീവിതത്തിന് ദോഷകരമാകാതിരിക്കാനാണ് അവൻ അവന് സമ്പത്തിൽ വിശാലത നൽകാതിരുന്നത്. അല്ലാഹു പറയുന്നു:

وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ

"അല്ലാഹു തന്റെ ദാസന്മാർക്ക് ഉപജീവനം വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ ഭൂമിയിൽ അവർ അതിക്രമം പ്രവർത്തിക്കുമായിരുന്നു" (42:27).

അതായത് അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിന്ന് അവർ അശ്രദ്ധരാവുകയും ഇഹലോക സുഖങ്ങൾ ആസ്വദിക്കാൻ താൽപര്യം കാണിക്കുകയും ചെയ്യുമായിരുന്നു. അക്രമവും അനുസരണക്കേടുമാണെങ്കിൽപോലും അവരുടെ ദേഹേച്ഛകൾക്ക് വഴിപ്പെടാൻ അവർ നിർബന്ധിതരാവുകയും ചെയ്യും. (പക്ഷേ, അവൻ ഒരു കണക്കനുസരിച്ച് താൻ ഉദ്ദേശിക്കുന്നത് ഇറക്കിക്കൊടുക്കുന്നു). അവന്റെ കാരുണ്യവും യുക്തിയും താൽപര്യപ്പെടുന്നതിനനുസരിച്ച്. (അവൻ തന്റെ ദാസന്മാരെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനും കണ്ടറിയുന്നവനുമാകുന്നു).

ചില ഹദീസുകളിൽ അല്ലാഹു പറയന്നതായി ഇങ്ങനെ വന്നിട്ടുണ്ട്:

إن من عبادى من لا يصلح ايمانه الا بالفقر ولو أغنيته لأفسده ذلك وان من عادري من لا يصلح ايمانه الا بالصحة ولو أمرضته لافسده دين وان من عبادي من لا يصلح ايمانه لا المرض ولو عافيته لافسده دين اني ادبر امر عبادي بعلما بقلوبهم اني خبير بصير

"എന്റെ ചില അടിമകളുടെ വിശ്വാസത്തിന് നല്ലത് ദാരിദ്ര്യമാണ്. അവന് ഐശ്വര്യം നൽകിയാൽ അത് അവന്റെ വിശ്വാസത്തെ തകരാറിലാക്കും. ചിലരുടെ വിശ്വാസത്തിന് നല്ലത് ആരോഗ്യാവസ്ഥയായിരിക്കും. അവനെ രോഗിയാക്കിയാൽ അത് അവന്റെ വിശ്വാസത്തെ തകരാറിലാക്കും. ചില അടിമകൾക്ക് രോഗമാണ് നല്ലത്, സുഖാവസ്ഥ അവരെ കുഴപ്പത്തിലാക്കും. ഞാനെന്റെ അടിമകളെ നിയന്ത്രിക്കുന്നത് അവരുടെ ഹൃദയാവസ്ഥ നോക്കിയാണ്. തീർച്ചയായും ഞാൻ കണ്ടറിയുന്നവനാകുന്നു)."

28). (അവനാകുന്നു മഴ വർഷിപ്പിക്കുന്നവൻ) സൃഷ്ടികൾക്കും നാടുകൾക്കും വെള്ളം നൽകുന്ന മഴ ഇറക്കുന്നത് അവനാണ്. (അവർ നിരാശപ്പെട്ടു കഴിഞ്ഞതിനുശേഷം) നീണ്ടകാലം മഴയില്ലാതായതിനുശേഷം മഴവരില്ലെന്ന് അ വർ വിചാരിച്ചുപോയ സമയം. അവർ നിരാശപ്പെടുകയും ആ വരൾച്ചയിൽ അവർ വിഷമിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു മഴയിറക്കുകയും (അവൻ വ്യാപിപ്പിക്കുകയും) ചെയ്തു. (അവന്റെ കാരുണ്യം) മനുഷ്യർക്കും മൃഗങ്ങൾക്കുമുള്ള ഭക്ഷണം ഉൽപാദിപ്പിച്ചു നൽകിക്കൊണ്ട്. അതവർക്ക് വലിയ അനുഭവമായി. അതുമൂലം അവർ അതിയായി സന്തോഷിക്കുകയും ചെയ്തു. (അവനാകുന്നു രക്ഷാധികാരി) തന്റെ ദാസന്മാരെ ഏറ്റെടുക്കുന്നു; വിവിധ കാര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ട്. ഇഹപര നന്മകൾ അവർ നിർവഹിച്ചുകൊടുത്തു കൊണ്ട് അവൻ അവരുടെ കാര്യം ഏറ്റെടുക്കുന്നു. (സ്തുത്യർഹൻ) അവന്റെ അധികാരത്തിലും കൈകാര്യത്തിലുമെല്ലാം; അവന്റെ പൂർണതയിലും. അവൻ സ്തുതിക്കപ്പെടേണ്ടവൻ തന്നെ; വ്യത്യസ്ത അനുഗ്രഹങ്ങൾ അവന്റെ സൃഷ്ടികൾക്ക് എത്തിച്ചുനൽകുന്നതിലും.



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 5

# മിർസയുടെ വിചിത്രമായ ഗണിതസൂത്രം

പി പി അബ്ദുർറഹ്മാൻ, കൊടിയത്തൂർ
: 9447 701 741

**ഒന്നുപോലും അപൂർണം, പിന്നെയല്ലേ 300**

മിർസാ ഖാദിയാനിയുടെ സീറ രചിച്ച മകൻ ബഷീർ അഹ്മദ് വിവരിക്കുന്നു: "ബറാഹീനെ അഹ്മദിയ്യയുടെ പരസ്യം ചെയ്യുമ്പോൾ 2500ഓളം പേജുകൾ എഴുതിക്കഴിഞ്ഞിരുന്നു. ശക്തമായ 300 തെളിവുകൾ ഇസ്‌ലാമിന്റെ സത്യത്തിനായി രചിക്കുകയും അവ സൂര്യനെപ്പോലെ പ്രകാശിക്കുമെന്ന് വാദിക്കുകയും ചെയ്തിരുന്നു. പ്രസിദ്ധീകരിക്കുമ്പോഴേക്ക് പൂർത്തിയാക്കാം എന്ന് കരുതി മുഖവുരയും ചില ആമുഖകാര്യങ്ങളും എഴുതുകയും ആവശ്യമായ ടിപ്പണികൾ ചേർക്കുകയും ചെയ്തു.

'തെളിവുകൾ എഴുതിയിട്ടുണ്ടെങ്കിലും അച്ചടി കഴിഞ്ഞപ്പോൾ ഒന്നാമത്തെ തെളിവ് തന്നെ അപൂർണമായിരുന്നു. കയ്യെഴുത്തുപ്രതി തീപിടിച്ചു നഷ്ടപ്പെട്ടു എന്ന് കേട്ടിട്ടുണ്ട്. അപൂർണമായി അവസാനിപ്പിച്ചതിനെപ്പറ്റി മസീഹ് നാലാം വാല്യത്തിന്റെ അവസാനത്തിൽ എഴുതിയിട്ടുണ്ട്" (സീറത്തുൽ മഹ്ദി, രിവായത്ത് നമ്പർ: 123).

അതിങ്ങനെ വായിക്കാം: "ഈ പുസ്തകരചനയുടെ ഉദ്ദേശ്യം മറ്റൊന്നായിരുന്നു. പെട്ടെന്നാണ് അല്ലാഹു ഇടപെട്ടത്. ഭാവനയുടെ ഇരുണ്ട രാത്രിയിൽ സഞ്ചരിക്കവെ, ഇംറാന്റെ മകനെപ്പോലെ 'ഞാൻ നിന്റെ

**ഒന്നാം വാല്യത്തിലെ പ്രഖ്യാപനം പേജ് രണ്ടുമുതൽ 12വരെയും മറ്റു വാല്യങ്ങളുടെ മുഖവുരകളിലുമായി 25 രൂപമുതൽ 500 രൂപവരെ മുൻകൂർ വിലയായും കൂടുതൽ കോപ്പികൾ സൗജന്യമായി വിതരണം ചെയ്യാനും വേണ്ടി പണമയച്ച നിരവധി ആളുകളുടെ പേരുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മിർസാ ഖാദിയാനിയുടെ പരസ്യവും ഒന്നാം വാല്യത്തിലെ വെല്ലുവിളിയും ഒരിക്കൽകൂടി വായിച്ചു നോക്കുക. 'ഞാൻ സമർപ്പിക്കുന്ന തെളിവുകളുടെ അത്രയോ അതിന്റെ മൂന്നോ നാലോ അഞ്ചോ ഭാഗമോ തെളിവുകൾ സമർപ്പിക്കുന്നവർക്ക് 10,000 രൂപയുടെ ഭൂമി നൽകും' എന്നാണ് പറഞ്ഞത്. ഇവിടെ സമർപ്പിച്ച എണ്ണമെത്രയാണെന്ന് അദ്ദേഹത്തിന്റെ പുത്രൻതന്നെ പറഞ്ഞുവല്ലോ. അരക്കുതാഴെ വാതം പിടിച്ച് കുഴഞ്ഞു കിടക്കുന്നവനാണ് ഗുസ്തി പിടിക്കാൻ വെല്ലുവിളിക്കുന്നത്!**

പട്യാല പ്രധാനമന്ത്രി, പഞ്ചാബിലെ മന്ത്രി ഗുലാം ഖാദറും മറ്റു നിരവധി മുസ്‌ലിം നവാബുമാരും ഉൾപ്പെടുന്ന വലിയൊരു ലിസ്റ്റ് തന്നെ നമുക്ക് കാണാൻ കഴിയും.

മിർസാ ഖാദിയാനിയുടെ പരസ്യവും ഒന്നാം വാല്യത്തിലെ വെല്ലുവിളിയും ഒരിക്കൽകൂടി വായിച്ചു നോക്കുക. 'ഞാൻ സമർപ്പിക്കുന്നതെളിവുകളുടെഅത്രയോ അതിന്റെ മൂന്നോ നാലോ അഞ്ചോ ഭാഗമോ തെളിവുകൾ സമർപ്പിക്കുന്നവർക്ക് 10,000 രൂപയുടെ ഭൂമി നൽകും' എന്നാണ് പറഞ്ഞത്. ഇവിടെ സമർപ്പിച്ച എണ്ണമെത്രയാണെന്ന് അദ്ദേഹത്തിന്റെ പുത്രൻ തന്നെ പറഞ്ഞുവല്ലോ. അരക്കുതാഴെ വാതം പിടിച്ച് കുഴഞ്ഞുകിടക്കുന്നവനാണ് ഗുസ്തി പിടിക്കാൻ വെല്ലുവിളിക്കുന്നത്!


**പുതിയ ഗണിത സൂത്രം**

1905ൽ എഴുതിയ ബറാഹീന്റെ അഞ്ചാം വാല്യത്തിന്റെ മുഖവുരയിൽ മിർസ എഴുതി: "നേരത്തെ നാല് വാല്യങ്ങൾ പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യ തന്നെയാണിത്. ഓരോ പേജിനും മുകളിലാ

നാഥൻ' എന്ന അശരീരി കേട്ടു. ഇപ്പോൾ ഈ പുസ്തകത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാറ്റിന്റെയും കാര്യസ്ഥനും കാരണഭൂതനും ഹസ്രത്ത് ലോക രക്ഷിതാവാകുന്നു" (പേജ് 522).

ബഷീർ അഹ്മദ് തുടർന്ന് പറയുന്നു: "ഈ 300 തെളിവുകളിലൂടെ ഇസ്‌ലാമിന്റെ യാഥാർഥ്യം എത്രമാത്രം സ്ഥാപിക്കാനാവുമോ, അതിലേറെ മഹത്ത്വം സ്ഥാപിക്കാൻ അദ്ദേഹത്തിന്റെ മഹ്ദി മസീഹ് സ്ഥാനത്തിലൂടെ സാധിച്ചിട്ടുണ്ട്. അദ്ദേഹം പിന്നീട് എഴുതിയ മഹദ്കൃതികളിലൂടെയും ഇസ്‌ലാമിന്റെ യാഥാർഥ്യം തന്നെയാണ് സ്ഥാപിതമായത്. 300 തെളിവുകൾ ഒരുപക്ഷേ, പണ്ഡിതോചിതമായ വിവരണം മാത്രമായിരിക്കാം. എന്നാൽ പ്രവാചകത്വത്തിന്റെ പ്രഭാവത്തിന് അതിലേറെ ശക്തിയും ചൈതന്യവും ഉണ്ടല്ലോ" (രിവായത്ത് നമ്പർ: 123).

അപ്പോൾ പിന്നെ പതിനായിരം രൂപ മുൻകൂറായി കൈപ്പറ്റിയതിന്റെ കണക്കോ? ഒന്നാം വാല്യത്തിലെ പ്രഖ്യാപനം പേജ് രണ്ടുമുതൽ 12വരെയും മറ്റു വാല്യങ്ങളുടെ മുഖവുരകളിലുമായി 25 രൂപമുതൽ 500 രൂപവരെ മുൻകൂർ വിലയായും കൂടുതൽ കോപ്പികൾ സൗജന്യമായി വിതരണം ചെയ്യാനും വേണ്ടി പണമയച്ച നിരവധി ആളുകളുടെ പേരുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭോപ്പാൽ ഭരണാധികാരി, ഹൈദരാബാദിലെ ചീഫ് സെക്രട്ടറി,



**“നേരത്തെ 50 വാല്യങ്ങൾ എഴുതാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ 50നു പകരം അഞ്ചിൽ മതിയാക്കുകയാണ്. അമ്പതും അഞ്ചും തമ്മിൽ ഒരു പൂജ്യത്തിന്റെ വ്യത്യാസമേയുള്ളൂ. അതുകൊണ്ട് അഞ്ച് വാല്യങ്ങൾ കൊണ്ട് തന്നെ ആ വാഗ്ദാനം പൂർത്തിയായി'' (മുഖവുര, പേജ്: 7). ആധുനിക കാലഘട്ടത്തിലേക്ക് നിയുക്തനായ പ്രവാചകന്റെ വാഗ്ദത്ത പൂർത്തീകരണത്തിന്റെ മാതൃകയാണിത്; അത്യന്താധുനിക ഗണിതശാസ്ത്രവും! 50-5 =5. മിർസായുടെ വെല്ലുവിളി സ്വീകരിച്ച് എല്ലാ ഉപാധികളും പൂർത്തിയാക്കി ആരെങ്കിലും വിജയിച്ചാൽ തന്നെ മിർസയും അനുയായികളും അയാൾക്ക് ഒരുരൂപ കൊടുത്തു ഏതാനും പൂജ്യങ്ങളുടെ വ്യത്യാസത്തിന്റെ കണക്കു പറയുമായിരുന്നു എന്നർഥം!**

യി ബറാഹീൻ വാല്യം 5 എന്നെഴുതിയിട്ടുണ്ട്.''

യഥാർഥത്തിൽ 'നുസ്രത്തുൽ ഹഖ്' എന്ന പേരിൽ എഴുതിയ പുസ്തകത്തിന്റെ പേജുകളുടെ മേലെയായി 'ബറാഹീൻ വാല്യം 5' എന്നെഴുതുകയായിരുന്നു മിർസാ ഗുലാം.

തുടർന്ന് എഴുതുകയാണ്: “നേരത്തെ 50 വാല്യങ്ങൾ എഴുതാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ 50നു പകരം അഞ്ചിൽ മതിയാക്കുകയാണ്. അമ്പതും അഞ്ചും തമ്മിൽ ഒരു പൂജ്യത്തിന്റെ വ്യത്യാസമേയുള്ളൂ. അതുകൊണ്ട് അഞ്ച് വാല്യങ്ങൾകൊണ്ട് തന്നെ ആ വാഗ്ദാനം പൂർത്തിയായി'' (മുഖവുര, പേജ്: 7).

ആധുനിക കാലഘട്ടത്തിലേക്ക് നിയുക്തനായ പ്രവാചകന്റെ വാഗ്ദത്ത പൂർത്തീകരണത്തിന്റെ മാതൃകയാണിത്; അത്യന്താധുനിക ഗണിതശാസ്ത്രവും! 50-5=5.

മിർസായുടെ വെല്ലുവിളി സ്വീകരിച്ച് എല്ലാ ഉപാധികളും പൂർത്തിയാക്കി ആരെങ്കിലും വിജയിച്ചാൽ തന്നെ മിർസയും അനുയായികളും അയാൾക്ക് ഒരുരൂപ കൊടുത്തു ഏതാനും പൂജ്യങ്ങളുടെ വ്യത്യാസത്തിന്റെ കണക്കു പറയുമായിരുന്നു എന്നർഥം!

ചുരുക്കത്തിൽ പുസ്തകരചനയെക്കുറിച്ച് ചിന്തിക്കുന്നതിന് 20 വർഷങ്ങൾക്ക് മുമ്പുതന്നെ മുഹമ്മദ് നബി(സ്വ)യുടെ കയ്യൊപ്പ് വാങ്ങിയതും മരിച്ചവരെ പുനർജീവിപ്പിക്കുന്ന മുഅ്ജിസത്തുടയതും ഖാദിയാനി ഗ്രന്ഥകാരന്മാരും പ്രഭാഷകരും വാനോളം പുകഴ്ത്തുന്നതുമായ ഒരു മഹത്തായ ഗ്രന്ഥത്തിന്റെ കഥയാണിത്; ഒപ്പം കൊടിയ വഞ്ചനയുടെയും തട്ടിപ്പിന്റെയും കളവിന്റെയും ആൾരൂപമായ 'പ്രവാചക'ന്റെ മഹത്തായ തൂലികാചിത്രവും!

മിർസയുടെ 'വഹ്‌യുകളുടെ(?)' സമാഹാരത്തിൽ ഒന്നാമത്തേതായതുകൊണ്ടാണ് ഇത്രയും വിശദീകരിച്ചത്. ആദ്യത്തേത് തന്നെ ഇവ്വിധമാണെങ്കിൽ മറ്റുള്ളവ വിലയിരുത്താവുന്നതാണല്ലോ.

### വിയോഗമല്ല, നിയോഗം

“രണ്ടാമത്തെ ദിവ്യസ്വപ്നം




യൗവനകാലത്തായിരുന്നു. അന്ന് കളി സാധനങ്ങളോടായിരുന്നു കമ്പം. സ്വപ്നത്തിൽ സേവകരോടും ഭൃത്യന്മാരോടും വീടും പരിസരവും കിടപ്പുമുറിയും വൃത്തിയാക്കാൻ ആവശ്യപ്പെട്ടു. എന്റെ കണ്ണുകൾ തുറന്നു. വിയോഗം അടുത്തിരിക്കുന്നു എന്ന തോന്നലുണ്ടായി.''

യുവത്വത്തിൽ ഉണ്ടായ സ്വപ്നവും വെളിപാടും മിർസയെ അല്ല അനുയായികളെയാണ് ആശങ്കയിലാക്കിയത്. ക്രോഡീകരിച്ച മൗലവി വിശദീകരിക്കുന്നത് 'വിയോഗമല്ല, നിയോഗമാണ് ഈ ദർശനത്തിലൂടെ വെളിപ്പെട്ടത് എന്ന് പിൽക്കാലത്തെ പ്രധാന സംഭവങ്ങൾ തെളിയിക്കുന്നു' എന്നാണ്. (പേജ് 4).

### ദീർഘായുസ്സിനെപ്പറ്റി

ഏതാണ്ട് 1865ൽ, മിർസക്ക് 25ഓ 30ഓ വയസ്സുള്ളപ്പോൾ ആയുസ്സിനെക്കുറിച്ച് ഒരു ഇൽഹാം അവതരിച്ചു: “ശത്രുക്കൾ എന്റെ മരണം ആഗ്രഹിക്കുമെന്നു അല്ലാഹുവിനറിയാമായിരുന്നു. കള്ളവാദിയായിരുന്നു, അതുകൊണ്ട് വേഗം മരിച്ചുപോയി എന്ന് പറയാമല്ലോ. അതുകൊണ്ട് നേരത്തെതന്നെ എന്നെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു: 'നിന്റെ ആയുസ്സ് 80 വർഷമായിരിക്കും. രണ്ടോ മൂന്നോ വർഷം കുറവ്, അല്ലെങ്കിൽ അൽപം കൂടുതൽ. ഏതായാലും വിദൂരമായ തലമുറകളെ നീ കാണും'' (പേജ് 5).

വാദങ്ങൾക്ക് തുടക്കമിടുന്നതിനു മുമ്പ് 1865ലാണ് ഈ 'ഇൽഹാം.' കള്ളവാദി അധികകാലം ജീവിച്ചിരിക്കില്ല എന്ന സിദ്ധാന്തം പിന്നീടാണ് കണ്ടെത്തിയതെങ്കിലും അതൊരു മാനദണ്ഡമായി നേരത്തെ തന്നെ പറഞ്ഞുവെക്കുകയാണ്. പക്ഷേ, അല്ലാഹു ആ വാക്ക് പാലിച്ചില്ല! (അല്ലാഹുവിൽ ശരണം). 1835, 1839,1840 ഇതിൽ ഏതോ ഒരു വർഷമാണ് ജനിച്ചത് എന്ന അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിലും മരിച്ചത് 1908ൽ തന്നെയാണ്. 80 വർഷത്തിൽ രണ്ടോ മൂന്നോ കുറവോ കൂടുതലോ കൂട്ടി

യാൽ 77ഓ 83ഓ വയസ്സിലായിരിക്കണം മരണം. എങ്ങനെ കൂട്ടിയാലും 68നും 73നുമിടക്ക് അയാൾ മരിച്ചു എന്നതാണ് സത്യം.

### മരണ പ്രവചനങ്ങൾക്ക് തുടക്കം

1862 അവതരണവർഷം രേഖപ്പെടുത്തിയ സ്വപ്നത്തെപ്പറ്റി വിവരിക്കുന്നു: 'സിയാൽകോട്ടിൽ പിൽക്കാലത്ത് വക്കീലായിരുന്ന സുഹൃത്ത് ലാലാ ഭീംസേന് അവിടത്തെ നാട്ടുരാജാവായിരുന്ന രാജാ തേജാസിംഗിന്റെ മരണം മുൻകൂട്ടി അറിയിച്ചുകൊടുത്തു.' നിരവധിപേരുടെ മരണ പ്രവചനങ്ങൾ നടത്തിയ ഖാദിയാനി പ്രവാചകന്റെ ആദ്യത്തെ മരണ പ്രവചനമായിരുന്നു ഇത്. ഇത് പക്ഷേ, മറ്റുള്ളവയെപ്പോലെ ശത്രുവിന്റേതല്ല, 'വെറുതെ ഒരു പ്രവചനം' എന്ന് പറയാവുന്ന, തുടർന്നുവരുന്ന പ്രവചനങ്ങളുടെ ഒരു സാമ്പിൾ ആയി കാണാവുന്നതാണ്. 'ദൈവത്തിന്റെ അറിയിപ്പനുസരിച്ച് ഒറ്റയായും കൂട്ടമായും മരണം പ്രവചിക്കപ്പെട്ട വഹ്‌യുകൾ തുടർന്നുവരുന്നുണ്ട്.

### ഹസ്രത്ത് ഗുരുനാനക്

അടുത്തത് ഒരു ജാഗ്രദ് ദർശനമാണ്: 'ഗുരുനാനക്കിനെയാണ് കണ്ടതെങ്കിലും കഷ്ടമെന്നു പറയട്ടെ, ആ രൂപം പോലും എന്റെ മനസ്സിൽനിന്നും മാഞ്ഞുപോയി. അദ്ദേഹത്തെക്കുറിച്ചുള്ള ജാഗ്രദ് ദർശനങ്ങളിലൂടെ ഒത്തിരി കാര്യങ്ങൾ എന്നെ അറിയിച്ചിരുന്നു. ഉറപ്പിച്ചു പറഞ്ഞാൽ തെറ്റിപ്പോകാൻ സാധ്യതയുണ്ട്' (പേജ്: 5).

അല്ലാഹു അറിയിച്ച കാര്യങ്ങളാണെങ്കിൽ പിന്നെ തെറ്റിപ്പോകുമെന്ന ആശങ്ക എന്തടിസ്ഥാനത്തിലാണ്? പക്ഷേ, പിന്നീടെഴുതിയ ഗ്രന്ഥങ്ങളിൽ ഗുരുനാനക് മുസ്‌ലിം സൂഫിവര്യനാണെന്നും മക്കയിൽ പോയി ഹജ്ജ് ചെയ്തിട്ടുണ്ടെന്നും മിർസയും, അദ്ദേഹം പ്രവാചകനാണെന്ന് മകൻ ഖലീഫയും എഴുതിയിട്ടുണ്ട്. എന്നാൽ ഇതിനൊന്നും ഒരു ചരിത്രരേഖയും ഇല്ലതാനും.

1500ലേറെ വഹ്‌യുകളുള്ളതായി അവകാശപ്പെടുന്ന 'തദ്കിറ'യെ മൊത്തത്തിൽ പരിചയപ്പെടുത്താനല്ലേ പറ്റൂ. ഇനി പരാമർശമർഹിക്കുന്ന ചില വഹ്‌യുകളും ദർശനങ്ങളും തെരഞ്ഞെടുക്കാം.


براہین احمدیہ ۶۱۱ ۱- باب

باب اوّل

اُن براہین کے بیان میں جو قرآن شریف کی
حقیّت اور افضلیّت پر بیرونی شہادتیں ہیں

برہان اوّل - قَالَ اللّٰہُ تعالیٰ تَاللّٰہِ لَقَدْ اَرْسَلْنَآ اِلٰٓی اُمَمٍ

ہیں۔ جن میں بشری کوششوں کو کچھ دخل نہیں بلکہ خود خدائے تعالیٰ کی طرف سے عجائباتِ
سماوی کی سیر کرانے کے لئے غیبی سواری اور آسمانی براق عطا ہوتا ہے۔
اور دوسری ترقی کہ جو قربت کے میدانوں میں چلنے کے لئے دوسرا قدم ہے اس آیت

یَعْلَمُ وَ اَنْتُمْ لَا تَعْلَمُوْنَ ۔ خدا تیرا بدلہ پورا دے گا اور تجھ سے راضی ہوگا اور تیرے
اسم کو پورا کریگا۔ اور ممکن ہے کہ تم ایک چیز کو دوست رکھو اور اصل میں وہ تمہارے لئے
بری ہو۔ اور ممکن ہے کہ تم ایک چیز کو بری سمجھو اور اصل میں وہ تمہارے لئے اچھی ہو۔
اور خدائے تعالیٰ عواقبِ امور کو جانتا ہے اور تم نہیں جانتے۔ کُنْتُ کَنْزًا
مَخْفِیًّا فَاَحْبَبْتُ اَنْ اُعْرَفَ۔ اِنَّ السَّمٰوٰتِ وَالْاَرْضَ کَانَتَا رَتْقًا
فَفَتَقْنٰہُمَا۔ وَ اِنْ یَّتَّخِذُوْنَکَ اِلَّا ہُزُوًا۔ اَہٰذَا الَّذِیْ بَعَثَ اللّٰہُ۔
قُلْ اِنَّمَآ اَنَا بَشَرٌ مِّثْلُکُمْ یُوْحٰٓی اِلَیَّ اَنَّمَآ اِلٰہُکُمْ اِلٰہٌ وَّاحِدٌ وَّالْخَیْرُ
کُلُّہٗ فِی الْقُرْاٰنِ لَا یَمَسُّہٗٓ اِلَّا الْمُطَہَّرُوْنَ۔ فَقَدْ لَبِثْتُ فِیْکُمْ عُمُرًا
مِّنْ قَبْلِہٖ اَفَلَا تَعْقِلُوْنَ۔ میں ایک خزانہ پوشیدہ تھا سو میں نے چاہا کہ شناخت کیا جاؤں
آسمان اور زمین دونوں بند تھے سو ہم نے ان دونوں کو کھول دیا اور تیرے ساتھ ہنسی
سے ہی پیش آئیں گے اور ٹھٹھا مار کر کہیں گے کیا یہی ہے جس کو خدا نے

### പരീക്ഷയിലെ തോൽവി

മിർസാ ഗുലാം സിയാൽകോട്ട് കച്ചേരിയിൽ ഗുമസ്തനായി ജോലി നോക്കുമ്പോൾ അയാളും സുഹൃത്ത് ഭീംസേൻ അടക്കം ജില്ലയിൽനിന്ന് നിരവധി പേർ വക്കാലത്ത് പരീക്ഷ എഴുതിയിരുന്നു. അന്നേരം അല്ലാഹു ഇങ്ങനെ അറിയിച്ചുവത്രെ: 'എല്ലാവരും തോൽക്കും; ഭീം സേനൊഴികെ.'

'മുപ്പതോളം പേരെ അക്കാര്യം അറിയിക്കുകയും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. ഇതിലും നേരത്തെ പറഞ്ഞ മരണപ്രവചനത്തിലും വല്ലവർക്കും സംശയമുണ്ടെങ്കിൽ എന്റെ ബറാഹീനെ അഹ്‌മദിയ്യ വായിക്കുക' (പേജ്: 6).

അല്ലാഹു മുൻകൂട്ടി പറഞ്ഞിട്ടുള്ള കാര്യം വിശ്വാസമില്ലെങ്കിൽ അക്കാര്യം അന്നേ എഴുതിവച്ചിട്ടുണ്ട്, അത് നോക്കാനാണ് പറയുന്നത് എന്ന് ആരും തെറ്റിദ്ധരിക്കേണ്ട. 1862ലും1868ലും നടത്തിയ പ്രവചനങ്ങൾ 1884ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നോക്കാനാണ് ആവശ്യപ്പെടുന്നത്. അത് നോക്കണോ? 18, 20 വർഷങ്ങൾക്ക് ശേഷം എഴുതിവെച്ചത് നോക്കാൻ നാം മെനക്കെടണോ? വിശ്വസിച്ചാൽ പോരെ?


### ആദ്യത്തെ വഹ്‌യ്

തദ്കിറയിലെ പതിമൂന്നാമത്തെ വെളിപാടാണ് ഇനി പറയുന്നത്. ഇതുവരെ ചില സ്വപ്നങ്ങൾക്കും കശ്ഫുകൾക്കും പുറമേ അറബിയിലും ഉർദുവിലും ചില വചനങ്ങൾ അല്ലാഹു അറിയിച്ചതായി പറഞ്ഞുവല്ലോ. അവയിൽ ഏതാണ് ആദ്യത്തെ വഹ്‌യ്? ആദ്യം പറഞ്ഞത് എന്ന് കരുതിയോ? ഇനി പറയാൻ പോകുന്നത് ആദ്യത്തെ വഹ്‌യിനെക്കുറിച്ചാണ്.

### രാജാക്കന്മാർ വസ്ത്രാഞ്ചലത്തിൽ അനുഗ്രഹം തേടുന്നു

"1868ലോ 1869ലോ ആണ്

'മുപ്പതോളം പേരെ അക്കാര്യം അറിയിക്കുകയും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. ഇതിലും നേരത്തെ പറഞ്ഞ മരണപ്രവചനത്തിലും വല്ലവർക്കും സംശയമുണ്ടെങ്കിൽ എന്റെ ബറാഹീനെ അഹ്‌മദിയ്യ വായിക്കുക' (പേജ്: 6). അല്ലാഹു മുൻകൂട്ടി പറഞ്ഞിട്ടുള്ള കാര്യം വിശ്വാസമില്ലെങ്കിൽ അക്കാര്യം അന്നേ എഴുതിവച്ചിട്ടുണ്ട്, അത് നോക്കാനാണ് പറയുന്നത് എന്ന് ആരും തെറ്റിദ്ധരിക്കേണ്ട. 1862ലും1868ലും നടത്തിയ പ്രവചനങ്ങൾ 1884ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നോക്കാനാണ് ആവശ്യപ്പെടുന്നത്. അത് നോക്കണോ? 18, 20 വർഷങ്ങൾക്ക് ശേഷം എഴുതിവെച്ചത് നോക്കാൻ നാം മെനക്കെടണോ? വിശ്വസിച്ചാൽ പോരെ?


اشتہار ۲۷ براہین احمدیہ

سے یا ثُلث اِن سے یا ربع اِن سے یا
خمس اِن سے نکال کر پیش کرے یا
اگر بکُلّی پیش کرنے سے عاجز ہو تو
ہمارے ہی دلائل کو نمبروار توڑ دے ص ۲۴
تو اُن سب صورتوں میں بشرطیکہ تین
مُنصِف مقبولۂ فریقین بالاتفاق یہ
رائے ظاہر کردیں کہ ایفاءِ شرط جیسا ص ۲۵

സംഭവം. എന്റെ സഹപാഠിയായിരുന്ന അബൂ സഊദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി, വലിയ മൗലവി ആയി ബട്ടാലയിൽ തിരിച്ചെത്തിയപ്പോൾ, ഏതോ വിഷയത്തിൽ സംസാരിക്കുകയും അതിനെച്ചൊല്ലി സംവാദം നടത്താൻ ചിലർ എന്നോട് പറയുകയും ചെയ്തു. അവരിലൊരാളുടെ കൂടെ ഞാൻ ബട്ടാലയിൽ ചെന്നു. പള്ളിയിൽവച്ച് കണ്ടപ്പോൾ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. പക്ഷേ, ആക്ഷേപകരമായ ഒരു കാര്യവും അദ്ദേഹം പറഞ്ഞില്ല. ഞാൻ സംവാദത്തിന് നിന്നില്ല. അപ്പോഴാണ് അല്ലാഹു എന്നെ അഭിമുഖീകരിച്ചുകൊണ്ട് ഉർദുവിൽ പറയുന്നത്: 'നിന്റെ പ്രവൃത്തിയിൽ ദൈവം സംതൃപ്തനായി. അവൻ നിനക്ക് ഒരുപാട് അനുഗ്രഹങ്ങൾ നൽകും, എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രാഞ്ചലത്തിൽനിന്ന് അനുഗ്രഹം തേടും'' (പേജ്: 8).

C) എന്ന അടുത്ത നമ്പറിൽ, ഒരു ജാഗ്രദ് ദർശനത്തിൽ 'കുറെ രാജാക്കന്മാർ കുതിരപ്പുറത്തേറി വരുന്നതും അങ്ങേയറ്റം ആദരവോടെയും ആത്മാർഥതയോടെയും എന്റെ വസ്ത്രത്തിന്റെ തല പിടിച്ചു കൊണ്ട് അനുഗ്രഹം തേടുന്നതും കാണാനായി. ഇങ്ങനെ തന്നെ തേടിവന്ന രാജാക്കന്മാർ ബൈഅത്ത് ചെയ്യുകയും അതുവഴി ആ രാജ്യങ്ങളിലെ സമൂഹം മുഴുവൻ അനുയായിവൃന്ദത്തിൽ ചേരുകയും ചെയ്യും' എന്ന് അല്ലാഹു അറിയിച്ചതായി എഴുതിവച്ചിരിക്കുന്നു.

D) എന്ന ഉപനമ്പറിൽ ആ രാജാക്കന്മാർ ആരാണെന്ന് വ്യക്തമാക്കുന്നു: 'നീതിമാന്മാരും സദ്വൃത്തരുമായ ഒരു കൂട്ടം രാജാക്കന്മാർ അശ്വാരൂഢരായി എന്നെ സമീപിച്ചു. അവരിൽ ചിലർ ഇന്ത്യക്കാരും ചിലർ അറബികളും മറ്റുള്ളവർ പേർഷ്യ, റോം, ശാം (സിറിയ) തുടങ്ങിയ രാജ്യക്കാരും വേറെ ചിലർ എനിക്കറിയാത്ത രാജ്യക്കാരുമായിരുന്നു. ഇവരൊക്കെ നിന്നെ സത്യപ്പെടുത്തുകയും വിശ്വസിക്കുകയും നിനക്ക് സ്വലാത്ത് ചൊല്ലുകയും പ്രാർഥിക്കുകയും ചെയ്യുമെന്ന് അല്ലാഹു അറിയിക്കുകയും ചെയ്തു' (പേജ്: 8,9).

ഈ 'വഹ്‌യിലെ' അവസാനത്തെ വചനമായ 'രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും' എന്നതാണ് ഖാദിയാനി പ്രവാചകന് ലഭിച്ച ആദ്യത്തെ വഹ്‌യ് എന്ന് മിർസയുടെ മകൻ ബഷീർ അഹ്മദ് 'സീറതുൽ മഹ്ദി' എന്ന പുസ്തകത്തിൽ പറയുന്നു. മിർസയുടെ മലയാള ജീവചരിത്രകാരൻ എൻ. അബ്ദുർറഹീമിന്റെ ഗ്രന്ഥത്തിലും ഇതാണ് ആദ്യത്തെ വഹ്‌യ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (ഹസ്രത്ത് അഹ്മദ്, പേജ്: 67).

> **1980കളിൽ 'ബദർ' ഉർദു വാരികയുടെ ഒരു സ്പെഷ്യൽ പതിപ്പിൽ ഉദ്ധൃത വഹ്‌യിന്റെ സാക്ഷാത്കാരമായി നാലാം ഖലീഫ മീർസാ താഹിർ അഹ്മദിനെ ബൈഅത്ത് ചെയ്യുന്ന ആഫ്രിക്കയിലെ നാലു രാജാക്കന്മാരുടെ ഫോട്ടോ അടിക്കുറിപ്പ് സഹിതം കൊടുത്തിരുന്നു. അന്ന് അവരുടെയും രാജ്യത്തിന്റെയും പേരു പറയാൻ ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സംസ്ഥാന നേതാക്കളെ സമീപിക്കുകയും അറിയിച്ചാൽ രാജാവ് ഒന്നിന് ആയിരം രൂപ വീതം തരാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഒരാളുടെ പേരുപോലും പറയാൻ അവർക്ക് സാധിച്ചില്ല. ദൈവം ഒരിക്കലും വാഗ്ദാനം ലംഘിക്കില്ല. മിർസക്ക് ലഭിച്ചത് പിന്നെ ആരുടെ വഹ്‌യായിരിക്കും?**

### കൊടും ചതി

ഇതാണ് ആദ്യത്തെ വഹ്‌യ് എങ്കിൽ മിർസയുടെ ആദ്യ വഹ്‌യുതന്നെ പച്ചക്കള്ളമാണെന്ന് വരുന്നു. കാരണം, ലോകത്ത് ഒരു രാജാവും മിർസയെ തേടിയെത്തിയിട്ടില്ല. ആനുഷംഗികമായി പറയട്ടെ, 1980കളിൽ 'ബദർ' ഉർദു വാരികയുടെ ഒരു സ്പെഷ്യൽ പതിപ്പിൽ ഉദ്ധൃത വഹ്‌യിന്റെ സാക്ഷാത്കാരമായി നാലാം ഖലീഫ മീർസാ താഹിർ അഹ്മദിനെ ബൈഅത്ത് ചെയ്യുന്ന ആഫ്രിക്കയിലെ നാലു രാജാക്കന്മാരുടെ ഫോട്ടോ അടിക്കുറിപ്പ് സഹിതം കൊടുത്തിരുന്നു. അന്ന് അവരുടെയും രാജ്യത്തിന്റെയും പേരു പറയാൻ ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സംസ്ഥാന നേതാക്കളെ സമീപിക്കുകയും അറിയിച്ചാൽ രാജാവ് ഒന്നിന് ആയിരം രൂപ വീതം തരാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഒരാളുടെ പേരുപോലും പറയാൻ അവർക്ക് സാധിച്ചില്ല. ദൈവം ഒരിക്കലും വാഗ്ദാനം ലംഘിക്കില്ല. മിർസക്ക് ലഭിച്ചത് പിന്നെ ആരുടെ വഹ്‌യായിരിക്കും? ■



# സമ്മേളനം ബാക്കിയാക്കിയ ചിന്തകൾ

**റിഷാദ് പൂക്കാടഞ്ചേരി**
: 96459 93852

ഇസ്‌ലാഹി കൈരളി കാത്തിരുന്ന കൂടിച്ചേരലാണ് 2023 ഫെബ്രുവരി 12ന് കോഴിക്കോട് കടപ്പുറത്ത് നടന്നത്. 2023 ജനുവരി എട്ടിന് സമ്മേളന പ്രഖ്യാപനം നടന്നതു മുതൽ പ്രവർത്തകർ നിരന്തര പരിശ്രമത്തിലായിരുന്നു. വെറും 34 ദിവസങ്ങൾക്കിടയിൽ കേരളത്തിന്റെ മുക്കുമൂലകളിൽ ഇടതടവില്ലാത്ത പ്രബോധന പ്രവർത്തനങ്ങൾ നടന്നു. 'മാനവ രക്ഷയ്ക്ക് ദൈവിക ദർശനം' എന്ന പ്രമേയത്തിന്റെ സന്ദേശം പരമാവധി ആളുകളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു.

ഒരു നൂറ്റാണ്ടിലധികമായി കേരളീയ സമൂഹത്തിൽ നവോത്ഥാന പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്ന പ്രസ്ഥാനം മനുഷ്യമനസ്സുകളോട് സംവദിച്ചും ഉൽബോധിപ്പിച്ചും പ്രശ്നപരിഹാരമാർഗങ്ങൾ നിർദേശിച്ചും വളർച്ചയുടെ വഴിയിലാണെന്ന ആത്മവിശ്വാസം നൽകുന്ന സമ്മേളനം. തികഞ്ഞ അച്ചടക്കത്തോടെ യുവജനങ്ങളും വിദ്യാർഥികളും കാരണവന്മാരും സ്ത്രീകളും കടപ്പുറത്ത് സാകൂതം സമ്മേളനം വീക്ഷിച്ചു. തുടങ്ങും മുമ്പുതന്നെ സദസ്സ് നിറഞ്ഞുകവിഞ്ഞു! കിലോമീറ്ററുകൾക്കപ്പുറം എൽ.ഇ.ഡി സ്ക്രീനിലൂടെ മാത്രം സമ്മേളനം കണ്ട പതിനായിരങ്ങൾ! സദസ്സിൽ സ്വാഭാവികമായി ഉണ്ടായേക്കാവുന്ന പ്രയാസങ്ങളെയെല്ലാം അവഗണിച്ച് ക്ഷമയോടെ, ഹൃദയം തുറന്ന്, സാകൂതം വൈജ്ഞാനിക സംഗമത്തിന് സാക്ഷികളായവർ!

സമയനിഷ്ഠ പാലിച്ച് തുടങ്ങിയ പരിപാടിയെ പക്വമായ വാക്കുകൾകൊണ്ട് അഭിസംബോധന ചെയ്ത അതിഥികൾ. സമകാലിക സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന അളന്നു മുറിച്ച വിഷയാവതരണങ്ങൾ. വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസിന് ജനഹൃദയങ്ങളിൽ അതുല്യമായ സ്ഥാനം നേടിക്കൊടുത്തത് അത് ഉയർത്തിപ്പിടിച്ച തെളിമയുള്ള ആദർശവും കളങ്കരഹിതമായ നിലപാടുകളും തന്നെയാണ്.

പരിശുദ്ധ ക്വുർആനിലും പ്രവാചകനിൽനിന്ന് സ്ഥിരപ്പെട്ട ഹദീസുകളിലും വിശ്വസിക്കലും അതനുസരിച്ച് ജീവിതം നയിക്കലും മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയാണ്. അതിൽനിന്ന് എപ്പോൾ സമൂഹം അകന്നുപോകുന്നുവോ അപ്പോൾ അപചയത്തിന് തുടക്കംകുറിക്കും എന്നതിൽ സംശയമില്ല.

മനുഷ്യന് കാണാനുള്ള കണ്ണുകളും കേൾക്കാനുള്ള കാതുകളും ചിന്തിക്കാനുള്ള മസ്തിഷ്കവും രുചിക്കാനുള്ള നാവും സ്പർശിക്കാനുള്ള ത്വക്കും ചലിക്കാനുള്ള കാലുകളും പിടിക്കാനുള്ള കൈകളും ശ്വസിക്കാനുള്ള വായുവും കുടിക്കാനുള്ള വെള്ളവും തുടങ്ങി എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിയ,

ഈ പ്രപഞ്ചത്തിലെ സർവസ്വവും സൃഷ്ടിച്ച അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനോട് മാത്രം പ്രാർഥിക്കുക, അവന്റെ മുമ്പിൽ മാത്രം ശിരസ്സ് നമിക്കുക, അവനിൽ പങ്കുചേർക്കാതിരിക്കുക... ഇതൊക്കെ അനുഗ്രഹദാതാവിനോടു കാണിക്കുന്ന നന്ദി പ്രകടനമാണ്. ഇസ്‌ലാമിന്റെ അന്തസ്സത്തയാണിത്.

എന്നാൽ രക്ഷാമാർഗമന്വേഷിക്കുന്നവർക്ക് മുമ്പിൽ ആത്മീയ വാണിഭത്തിന്റെ കെണിയൊരുക്കി മനുഷ്യന്റെ ആശയും കീശയും പോക്കറ്റടിക്കാനായി പൗരോഹിത്യം ഉണർന്നിരിക്കുന്നുണ്ട്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പുനരാനയിക്കാൻ ഈ ആത്മീയ വ്യാപാരികൾ കിണഞ്ഞു പരിശ്രമിക്കുകയാണ്. മുസ്‌ലിം നവോത്ഥാന ചരിത്രത്തെ അപനിർമിക്കാനും നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സലഫി പ്രസ്ഥാന ചരിത്രത്തെ തമസ്കരിക്കാനുമാണ് പൗരോഹിത്യം കഠിനാധ്വാനം ചെയ്യുന്നത്.

സ്ത്രീയുടെ യഥാർഥ സുരക്ഷാമാർഗങ്ങളെ അപഹസിക്കുകയും പരസ്യക്കമ്പോളങ്ങളിലെ ഉപഭോഗ വസ്തുവാക്കി സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്യുന്നവർ സ്ത്രീ വിമോചകരാണെന്ന് സ്വയം അവകാശപ്പെടുന്ന വിരോധാഭാസം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

കുടുംബ, സാമൂഹിക സംവിധാനത്തെ നമ്മുടെ നാടിന്റെ സ്വാഭാവികതയിൽനിന്നും പാശ്ചാത്യൻ ക്രമങ്ങളിലേക്ക് പറിച്ചുനടാനുള്ള ശ്രമം തകൃതിയായി നടക്കുന്നുണ്ട്. സ്വവർഗ ലൈംഗികതയിലേക്കും അതിരില്ലാത്ത സ്വതന്ത്ര്യതാവാദത്തിലേക്കും യുവസമൂഹത്തെ ബോധപൂർവം നയിക്കുന്നവർക്ക് അധികാരികളുടെ ഒത്താശ ലഭിക്കുന്നുണ്ട് എന്ന കാര്യം ഗൗരവത്തോടെ കാണേണ്ടതാണ്. അധികാരമുള്ള ഫാസിസവും പടരുന്ന ലിബറലിസവും വർത്തമാനകാലത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കുമ്പോൾ സമുദായ നേതൃത്വം സമൂഹത്തിന് വഴിവിളക്കാവണം.

പൊതുസ്ഥലങ്ങളിൽ പരസ്യമായി ചുംബിക്കുന്നതും ആലിംഗനം ചെയ്യുന്നതും സ്വാഭാവികമാണെന്ന പൊതുബോധം വളർന്നുവരികയാണ്. ഒരാൾ വിവസ്ത്രനായി പൊതുസമൂഹത്തിലേക്ക് വന്നാൽ പോലും അത് തെറ്റല്ലെന്നും 'സ്വന്തം ചോയിസ്' എന്ന നിലയിൽ അത് തടയാൻ പാടില്ലെന്നുമുള്ള നിലപാടിലേക്കാണ് സമൂഹത്തെ കൊണ്ടുപോകുന്നത്. മൃഗരതിയെയും ശവഭോഗത്തെയുംവരെ ന്യായീകരിക്കുന്ന ലിബറലുകൾ കുടുംബ സംവിധാനത്തിന്റെയും ധാർമികതയുടെയും അലകും പിടിയും തകർക്കുകയാണ് ചെയ്യുന്നത്.

ഇതുപോലെ കേരളീയ സമൂഹം ഇന്ന് മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട വിഷയങ്ങളിലേക്കുള്ള ശ്രദ്ധക്ഷണിക്കലായും മുന്നറിയിപ്പായും സമ്മേളനം മാറി എന്നത് ശ്രദ്ധേയമാണ്. അളന്നുമുറിച്ച വാക്കുകളിലുള്ള വിവേകപൂർണമായ വിഷയാവതരണങ്ങളും നൂതന സാങ്കേതികവിദ്യ ഫലവത്തായി ഉപയോഗപ്പെടുത്തിയ ട്രാഫിക് നിയന്ത്രണവും സമ്മേളനത്തിന്റെ പ്രത്യേകതയായി പൊതുവെ ആളുകൾ അഭിപ്രായപ്പെടുന്നത് കേൾക്കാനായി. സമ്മേളന നഗരിയിലെ നമസ്കാരം മുൻകാല മുജാഹിദ് സമ്മേളനങ്ങളുടെ അനുഭവം പകർന്നു. കടപ്പുറം വിട്ട് അവസാനത്തെ മുജാഹിദ് പ്രവർത്തകനും നാട്ടിലേക്ക് തിരിച്ചത് ഓർമപ്പുസ്തകത്തിൽ ഒരിക്കലും മറക്കാത്ത ഒരു ഏട് തുന്നിച്ചേത്തുകൊണ്ടാണെന്ന് നിസ്സംശയം പറയാം.

സങ്കുചിതമായ സംഘടനാതാൽപര്യങ്ങൾ മാത്രം മുൻനിർത്തി, അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രചരിപ്പിച്ചവർ സമ്മേള നഗരിയിലേക്ക് ഒഴുകിയെത്തിയ ജനസഞ്ചയത്തെ കണ്ട് സ്വയം അപഹാസ്യരായി മാറിയിരിക്കുകയാണ്.

സമ്മേളനം കഴിഞ്ഞെന്നേയുള്ളൂ, പ്രവർത്തനങ്ങൾ നിലച്ചിട്ടില്ല. ഗ്രാമ ഗ്രാമാന്തരങ്ങളിൽ തൗഹീദിന്റെ ശബ്ദം ഇനിയും ഉയർന്നുകേൾക്കണം. അധാർമികതകൾക്കെതിരിൽ ധാർമിക മുന്നേറ്റം തുടരണം. ലഹരികൾക്കെതിരെ, ലൈംഗിക അരാചകത്വത്തിനെതിരെ, വർഗീയതയ്ക്കും തീവ്രവാദ പ്രവർത്തനങ്ങൾക്കുമെതിരെ...അങ്ങനെ സകലവിധ തിന്മകൾക്കുമെതിരെയുള്ള നിരന്തര പോരാട്ടം തുടരണം. ■

**രക്ഷാമാർഗമന്വേഷിക്കുന്നവർക്ക് മുമ്പിൽ ആത്മീയ വാണിഭത്തിന്റെ കെണിയൊരുക്കി മനുഷ്യന്റെ ആശയും കീശയും പോക്കറ്റടിക്കാനായി പൗരോഹിത്യം ഉണർന്നിരിക്കുന്നുണ്ട്. അന്ധ വിശ്വാസങ്ങളെയും അനാചാരങ്ങളെയും പുനരാനയിക്കാൻ ഈ ആത്മീയ വ്യാപാരികൾ കിണഞ്ഞു പരിശ്രമിക്കുകയാണ്. മുസ്‌ലിം നവോത്ഥാന ചരിത്രത്തെ അപനിർമിക്കാനും നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സലഫി പ്രസ്ഥാന ചരിത്രത്തെ തമസ്കരിക്കാനുമാണ് പൗരോഹിത്യം കഠിനാധ്വാനം ചെയ്യുന്നത്. സ്ത്രീയുടെ യഥാർഥ സുരക്ഷാമാർഗങ്ങളെ അപഹസിക്കുകയും പരസ്യക്കമ്പോളങ്ങളിലെ ഉപഭോഗ വസ്തുവാക്കി സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്യുന്നവർ സ്ത്രീ വിമോചകരാണെന്ന് സ്വയം അവകാശപ്പെടുന്ന വിരോധാഭാസം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.**

# അവകാശ ലംഘനം



ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

പെണ്ണായ് പിറന്നവൾ,
സ്ത്രീയായ് വളർന്നവൾ
ഒരുവേള തോന്നിയവൾ-
ക്കാണായ് ചമഞ്ഞിടാൻ!
വടിവിലും മുടിയിലും
ആണത്തം വരുത്താൻ
ആവതും ശ്രമിച്ചു,
സ്തനമരിഞ്ഞെറിഞ്ഞു!
പെണ്ണിന്റടയാളമാം ഗർഭപാത്രം
അപ്പഴും ഉള്ളിൽതന്നെ കിടന്നു!
പെൺവേഷം കെട്ടിയ,
ആണായ് പിറന്നൊരാൾ;
തുണയായ് അവൾക്കെത്തി,
ഇണയായി മാറി!
ആൺവേഷം കെട്ടിയോൾ
ഗർഭിണിയായി,
ലോകത്തത്ഭുത
വാർത്തയായ് മാറി!
പെണ്ണവൾ ഗർഭിണി-
യായതിലെന്താണ്
അത്ഭുതമെന്നറിയില്ലയാർക്കും.
പ്രസവിച്ച വാർത്തയോ
ആഘോഷമായി;
'ട്രാൻസ്മെൻ പ്രസവിച്ചു
ലോകത്തിതാദ്യം!'
നൂറു ശതമാനം
പെണ്ണായൊരുത്തി
പെറ്റതാണത്രെ വിസ്മയവാർത്ത!
സ്തന്യാമൃതം നുകരുവാ-
നുള്ളതാം കുഞ്ഞിന്റെ-
യവകാശമെന്നോ വെട്ടിമാറ്റി!
ഇതിൽപ്പരവകാശ ലംഘനമെന്തുണ്ട്?
കുഞ്ഞിന്റെയാദ്യാഭിലാഷം
നശിപ്പിച്ചൊരമ്മ പറയുന്നു
താനച്ഛനെന്ന്!
ജന്മം കൊടുത്തവർ  പറയില്ല പോലും
കുഞ്ഞിന്റെ ജെന്ററെന്താണെന്നത്!
താൻ പെണ്ണോ ആണോ
എന്നറിയാത്ത ജന്മങ്ങൾ
അധികമാകുന്നൊരു കാലമണയുകിൽ
നേട്ടങ്ങളൊന്നുമേയില്ലെന്ന് മാത്രമോ,
നാശങ്ങളേറെയും കാത്തിരിപ്പൂ.



ലേഖനം

# മുസ്‌ലിം സമുദായം; വഴിയും വെളിച്ചവും

2

ന്യൂനപക്ഷമായതല്ല; 'ന്യൂനതയുള്ള' പക്ഷമായതാണ് ന്യൂനപക്ഷത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി എന്ന് തിരിച്ചറിഞ്ഞു മുന്നോട്ടു പോകണം

ടി.കെ അശ്റഫ്
: 81118 07199

കലാപത്തിന് കോപ്പുകൂട്ടുന്നവർ തീകൊടുത്ത് മാറിനിൽക്കുകയാണ് ചെയ്യുക. പിന്നീട് സംഭവിക്കുക വ്യാപകമായ നാശമാണ്. അതിന്റെ ഇര ഏതെങ്കിലുമൊരു വിഭാഗം മാത്രമായിരിക്കില്ല. അതിനാൽ എല്ലാവരെയും വിഭാഗീയതകൾക്കതീതമായി മനുഷ്യരായി കാണുവാനും പരസ്പര സൗഹാർദവും സ്നേഹവും സഹകരണ മനോഭാവവും കാത്തുസൂക്ഷിക്കുവാനും ബോധപൂർവമായ ശ്രമംതന്നെ നടത്തേണ്ടതുണ്ട്. നമുക്കിടയിൽ ഭിന്നതയുടെ മതിൽ തീർക്കുവാൻ ആരെയും അനുവദിക്കരുത്.

മുസ്‌ലിം സമുദായം പ്രത്യേകമായും ഇതര ജനവിഭാഗങ്ങൾ പൊതുവായും നേരിടുന്ന ചില വെല്ലുവിളികളെയും പ്രതിസന്ധികളെയും സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ ചില കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. എല്ലാവരും ഒരുപോലെ ഭയപ്പെടേണ്ടതും ജാഗ്രത കാണിക്കേണ്ടതുമായ ഒരു വിഷയമാണ് ഇനി ശ്രദ്ധയിൽ പെടുത്തുന്നത്.

ഫാസിസമാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളി. ഫാസിസത്തെ മുസ്‌ലിംകൾ മാത്രം സംഘടിച്ച് നേരിടുക എന്നത് ആത്മഹത്യാപരമാണ്. കാരണം അത് മുസ്‌ലിംകളുടെ മാത്രം ഭീഷണിയല്ല. എല്ലാ വിഭാഗങ്ങളുടെതുമാണ്. ആദ്യ ഇര മുസ്‌ലിംകളാണെന്ന് മാത്രം, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, കമ്യൂണിസ്റ്റുകൾ എന്നിങ്ങനെ ആഭ്യന്തര ശത്രുക്കളുടെ പട്ടിക വിചാരധാരയിൽ അവർ തന്നെ വ്യക്തമായി വിശദീകരിച്ചിട്ടുമുണ്ട്.

ഒരു കപ്പലിൽ യാത്രചെയ്യുന്നവരെ പോലെയാണ് ഇന്ത്യക്കാരായ നമ്മൾ. കപ്പലിന്റെ അടിയിലുണ്ടാകുന്ന ഏതൊരു ദ്വാരവും യാത്രക്കാരെയെല്ലാം ഒരുപോലെ ബാധിക്കും. കപ്പൽ മുങ്ങുമ്പോൾ എല്ലാവരും ഒന്നിച്ചാണ് മുങ്ങുക.

**ഫാസിസം ഇന്ത്യയുടെ ഭീഷണിയാണ്. മതനിരപേക്ഷ കക്ഷികൾ അതിനെതിരെ ഒന്നിച്ചു നിൽക്കണം. 65 ശതമാനം വോട്ടർമാരും മതനിരപേക്ഷ പക്ഷത്താണുള്ളത്. ഒന്നിച്ചു നിന്നാൽ യാതൊരു നിരാശപ്പെടേണ്ടി വരില്ല. അതിനാൽ മതനിരപേക്ഷ വോട്ടുകൾ ഭിന്നിക്കുന്ന നിലപാട് ആരും സ്വീകരിക്കരുത്. മതേതര വോട്ടുകൾ ഭിന്നിക്കാൻ ഇടയാക്കുന്ന തരത്തിൽ വ്യത്യസ്ത സ്ഥാനാർഥികളെ നിർത്തുന്നത് അവസാനിപ്പിക്കണം. മുസ്‌ലിം സംഘടനകളുടെ പിൻബലത്താൽ പ്രവർത്തിക്കുന്ന വ്യത്യസ്ത പൊളിറ്റിക്കൽ പ്ലാറ്റ്ഫോമുകൾ ഒരു പുനരാലോചന നടത്താൻ തയ്യാറാകണം.**

കലാപത്തിന് കോപ്പുകൂട്ടുന്നവർ തീകൊടുത്ത് മാറിനിൽക്കുകയാണ് ചെയ്യുക. പിന്നീട് സംഭവിക്കുക വ്യാപകമായ നാശമാണ്. അതിന്റെ ഇര ഏതെങ്കിലുമൊരു വിഭാഗം മാത്രമായിരിക്കില്ല. അതിനാൽ എല്ലാവരെയും വിഭാഗീയതകൾക്കതീതമായി മനുഷ്യരായി കാണുവാനും പരസ്പര സൗഹാർദവും സ്നേഹവും സഹകരണ മനോഭാവവും കാത്തുസൂക്ഷിക്കുവാനും ബോധപൂർവമായ ശ്രമംതന്നെ നടത്തേണ്ടതുണ്ട്. നമുക്കിടയിൽ ഭിന്നതയുടെ മതിൽ തീർക്കുവാൻ ആരെയും അനുവദിക്കരുത്.

**നമുക്ക് ഒന്നിച്ച് പോരാടാം**

ഇന്ത്യൻ ഭരണഘടന എല്ലാ വിഭാഗം ജനങ്ങൾക്കും നീതിയും അവകാശങ്ങളും ഉറപ്പാക്കുന്നതാണ്. അത് നിലനിൽക്കൽ എല്ലാ പൗരന്മാരുടെയും ആവശ്യമാണ്. ഭരണഘടനയെ അട്ടിമറിക്കാനുള്ള ശ്രമം മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തെ തകർക്കുന്നത് ന്യൂനപക്ഷങ്ങളുടെ മാത്രം വിഷയമല്ല. വിലക്കയറ്റവും കർഷകരുടെ പ്രശ്നവും ന്യൂനപക്ഷങ്ങളെ മാത്രം ദുരിതത്തിലാക്കുന്ന കാര്യങ്ങളല്ല.

അതുപോലെതന്നെ ഫാസിസം ഇന്ത്യയുടെ ഭീഷണിയാണ്. മതനിരപേക്ഷ കക്ഷികൾ അതിനെതിരെ ഒന്നിച്ചു നിൽക്കണം. 65 ശതമാനം വോട്ടർമാരും മതനിരപേക്ഷ പക്ഷത്താണുള്ളത്. ഒന്നിച്ചു നിന്നാൽ നിരാശപ്പെടേണ്ടി വരില്ല. അതിനാൽ മതനിരപേക്ഷ വോട്ടുകൾ ഭിന്നിക്കുന്ന നിലപാട് ആരും സ്വീകരിക്കരുത്. മതേതര വോട്ടുകൾ ഭിന്നിക്കാൻ ഇടയാക്കുന്ന തരത്തിൽ വ്യത്യസ്ത സ്ഥാനാർഥികളെ നിർത്തുന്നത് അവസാനിപ്പിക്കണം. മുസ്‌ലിം സംഘടനകളുടെ പിൻബലത്താൽ പ്രവർത്തിക്കുന്ന വ്യത്യസ്ത പൊളിറ്റിക്കൽ പ്ലാറ്റ്ഫോമുകൾ ഒരു പുനരാലോചന നടത്താൻ തയ്യാറാകണം. അധഃസ്ഥിതരും അടിച്ചമർത്തപ്പെട്ടവരുമായ മുസ്‌ലിം, ദളിത്, പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനമാണ് ലക്ഷ്യം എന്നു പറയുന്നവർ എന്തിനാണ് വോട്ടുകൾ ഭിന്നിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നത്?

ജർമനിയിൽ നാസികൾ തങ്ങളുടെ രാഷ്ട്രീയ എതിരാളികളെ ശ്വാസംമുട്ടിച്ച് കൊല്ലാൻ തടങ്കൽ പാളയത്തിലേക്ക് കൊണ്ടുപോകുന്ന ബസ്സിൽ സൈഡ് സീറ്റ് കിട്ടാൻ പരസ്പരം പോരടിച്ചതായി ഒരു കഥയുണ്ട്. ഇതിൽ മുസ്‌ലിം സമുദായത്തിന് വലിയ പാഠമുണ്ട്.

ഫാസിസത്തിനെതിരെ ഒന്നിച്ചു നിൽക്കണമെന്നു പറയുമ്പോൾ, 'നിങ്ങൾ മുജാഹിദും സുന്നിയും പറഞ്ഞു പരസ്പരം






എന്തിന് പോരടിക്കുന്നു, ഫാസിസത്തിന്റെ കാലത്ത് പരസ്പരം വിഴുപ്പലക്കൽ നിർത്തിക്കൂടേ' എന്ന് ചിലർ ചോദിക്കാറുണ്ട്. ഒരു കാര്യം നാം മനസ്സിലാക്കണം; ഫാസിസം ഭയപ്പെടേണ്ട ഒന്നുതന്നെയാണ്. പാരത്രിക ലോകത്തെ നരകം അതിനെക്കാൾ വലിയ പേടിപ്പെടുത്തുന്ന കാര്യമാണ്. നരകാവകാശികളാകാതിരിക്കാൻ തൗഹീദ് ഉൾക്കൊണ്ടും ശിർക്കിനെ പാടെ വെടിഞ്ഞും ജീവിക്കൽ അനിവാര്യമാണ്. ഫാസിസത്തെ ഭയന്ന് നരകപ്രവേശനകാരണമായ തെറ്റുകളെ നിസ്സാരമായി കാണുക എന്നത് അപകടകരമാണെന്ന് പറയേണ്ടതില്ലല്ലോ.

സ്വാഭാവികമായും തൗഹീദ്, ശിർക്ക്, ബിദ്അത്ത് പോലുള്ള വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായമുള്ളവർ അത് പ്രചരിപ്പിക്കാൻ ശ്രമിക്കും. പ്രമാണവിരുദ്ധമായ ആശയങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുമ്പോൾ ഒരു ഇസ്‌ലാമിക കൂട്ടായ്മ എന്ന നിലയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിതന്മാർക്ക് പ്രതികരിക്കേണ്ടിവരും. ഈ തർക്കങ്ങളൊന്നും വോട്ടു ഭിന്നിപ്പിക്കില്ലെന്ന് നാമറിയണം.രാത്രി മണിക്കൂറുകളോളം വാദപ്രതിവാദങ്ങൾ നടത്തിയവർ തൊട്ടടുത്ത ദിവസം ഒരേ സ്ഥാനാർഥിക്ക് വോട്ടു ചെയ്യുന്നതിൽ യാതൊരു വൈമനസ്യവും കാണിക്കാറില്ല.

അതിനാൽ, ഫാസിസത്തെ നേരിടുന്നതിന്റെ പേരുപറഞ്ഞ് മുസ്‌ലിം സംഘടനകൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഒരിക്കലും മൂടി വയ്ക്കേണ്ടതില്ല. അതോടൊപ്പം തന്നെ, മുസ്‌ലിം സംഘടനകൾക്കിടയിലെ അഭിപ്രായ വ്യത്യാസത്തിന്റെ കാരണം പറഞ്ഞ് ഫാസിസത്തിനെതിരെ ഒന്നിച്ചുള്ള പോരാട്ടത്തിൽ ഭിന്നത ഉണ്ടാകേണ്ടതുമില്ല. അഭിപ്രായ വ്യത്യാസങ്ങളിൽ സംവദിച്ചുകൊണ്ടുതന്നെ നമുക്ക് മുന്നോട്ടു പോകാനാവണം. എന്നാൽ, അതിൽ പ്രതിപക്ഷ ബഹുമാനവും ഗുണകാംക്ഷയും കാത്തുസൂക്ഷിക്കാൻ മറന്നുകൂടാ. ആദർശ സംവാദങ്ങളിൽ തെളിവുകളാണ് മാറ്റുരക്കേണ്ടത്. അതിന് പകരം, തീവ്രവാദ ആരോപണം നടത്തി വിഷയത്തിൽനിന്ന് ഒളിച്ചോടാൻ നടത്തുന്ന ശ്രമം ഫാസിസത്തിന് സമുദായത്തെ വേട്ടയാടാനുള്ള ആയുധം നൽകുന്ന പ്രവർത്തനമാണ്.

> **മുസ്‌ലിം സംഘടനകൾക്കിടയിലെ അഭിപ്രായ വ്യത്യാസത്തിന്റെ കാരണം പറഞ്ഞ് ഫാസിസത്തിനെതിരെ ഒന്നിച്ചുള്ള പോരാട്ടത്തിൽ ഭിന്നത ഉണ്ടാകേണ്ടതില്ല. അഭിപ്രായ വ്യത്യാസങ്ങളിൽ സംവദിച്ചുകൊണ്ടുതന്നെ നമുക്ക് മുന്നോട്ടു പോകാനാവണം. എന്നാൽ, അതിൽ പ്രതിപക്ഷ ബഹുമാനവും ഗുണകാംക്ഷയും കാത്തുസൂക്ഷിക്കാൻ മറന്നുകൂടാ. ആദർശ സംവാദങ്ങളിൽ തെളിവുകളാണ് മാറ്റുരക്കേണ്ടത്. അതിന് പകരം, തീവ്രവാദ ആരോപണം നടത്തി വിഷയത്തിൽനിന്ന് ഒളിച്ചോടാൻ നടത്തുന്ന ശ്രമം ഫാസിസത്തിന് സമുദായത്തെ വേട്ടയാടാനുള്ള ആയുധം നൽകുന്ന പ്രവർത്തനമാണ്.**

ഫാസിസത്തെ പ്രീണിപ്പിച്ചതുകൊണ്ട് അത് ഒരിക്കലും പത്തി മടക്കില്ല. ഫാസിസം ഒരു ഉന്മൂലന സിദ്ധാന്തമാണ്. ന്യൂനപക്ഷം പ്രതികരിച്ചാലും ഇല്ലെങ്കിലും ന്യൂനപക്ഷം സംഘടിച്ചാലും ഇല്ലെങ്കിലും അവർ അവരുടെ അജണ്ടയുമായി അഭംഗുരം മുന്നോട്ടുപോകുമെന്ന കാര്യം ഉറപ്പാണ്. സമുദായം ഫാസിസം ഒരുക്കുന്ന കെണിയിൽ തല വെച്ച് കൊടുക്കാതിരിക്കാൻ ജാഗ്രത കാണിക്കേണ്ടതുമുണ്ട്. സമാധാന വാദികളായ ഹൈന്ദവ ഭൂരിപക്ഷത്തെ വർഗീയവൽക്കരിക്കാൻ ന്യൂനപക്ഷത്തെ പ്രകോപിപ്പിക്കുന്ന പ്രത്യേക അജണ്ടകൾ ഫാസിസം മുന്നിലേക്ക് ഇട്ടുതന്നുകൊണ്ടേയിരിക്കും. സാമൂഹ്യമാധ്യമങ്ങളത് ഏറ്റെടുത്ത് പ്രചരിപ്പിക്കുകയും ചെയ്യും. അതിൽ കൊത്തി, അവർ ഇച്ഛിക്കും വിധം പ്രതികരിക്കുന്നത് ഫാസിസത്തിന് ലാഭം മാത്രമെ നേടിക്കൊടുക്കുകയുള്ളൂ.

ഇന്ത്യയെപോലുള്ള നിയമവാഴ്ച നിലനിൽക്കുന്ന ഒരു രാജ്യത്ത്, സായുധമായി സംഘടിക്കാൻ ഖുർആൻ ആയത്തുകൾ ദുർവ്യാഖ്യനിക്കുന്ന ന്യൂനാൽ ന്യൂനപക്ഷമുണ്ട്. ഇത് ഇസ്‌ലാ

മിക വിരുദ്ധവും രാജ്യവിരുദ്ധവുമാണ്. ആരാധനയിൽ പോലും തീവ്രത പാടില്ലെന്നതാണ് ഇസ്‌ലാമിന്റെ ആദർശം. ആത്മരക്ഷക്കു വേണ്ടിയുള്ള പ്രതിരോധം നിയമവിരുദ്ധമല്ല. എന്നാൽ നിയമം കയ്യിലെടുക്കാൻ പാടില്ല. എല്ലാവിധ തീവ്രവാദവും നാടിനാപത്താണ്. മതത്തിന്റെ പേരിലുള്ള തീവ്രവാദത്തെ മാത്രം കാണുവാനേ മാധ്യമങ്ങൾ ശ്രമിക്കാറുള്ളൂ. ജാതി, രാഷ്ട്രീയം, ഭാഷ, വർണം തുടങ്ങിയവയുടെ പേരിലുള്ള കൊടുംക്രൂരതകളെയും അതിവാദങ്ങളെയും എന്തുകൊണ്ട് തീവ്രവാദത്തിന്റെ പട്ടികയിൽ പെടുത്തുന്നില്ല?

ന്യൂനപക്ഷ വിഭാഗത്തിലെ ചിലരുടെ വൈകാരിക നീക്കങ്ങളുടെ പ്രഭവകാരണം ഭൂരിപക്ഷ വർഗീയതയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇതൊരു ന്യായമായി കണ്ടു കൊണ്ട്, തീവ്രവാദത്തിന്റെ ചെറിയ നാമ്പ് പോലും സമുദായത്തിൽ മുളച്ചു വരുമ്പോൾ അതിനെ നുള്ളിക്കളയാൻ സമുദായ നേതൃത്വം മടിച്ചുനിന്നാൽ അതിന് വലിയ വില നൽകേണ്ടിവരും. ഇന്ത്യയിൽ കഴിഞ്ഞ രണ്ട് തിരഞ്ഞെടുപ്പുകളിൽ ഫാസിസത്തിന്റെ കൊടുങ്കാറ്റ് അടിച്ചുവീശിയപ്പോൾ ഒരു സീറ്റ് പോലും അവർക്ക് നൽകാതെ കേരളം ഒരു 'തുരുത്തായി' മാറി നിന്നത് എന്തുകൊണ്ടായിരുന്നുവെന്ന് നാം തിരിച്ചറിയണം.

ഭൂരിപക്ഷ സമുദായത്തിലെയും ന്യൂനപക്ഷ വിഭാഗങ്ങളിലെയും ഇനിയും വർഗീയവത്കരിക്കപ്പെടാത്ത നല്ലൊരു വിഭാഗത്തിന്റെ ഉറച്ച നിലപാടുകൊണ്ടായിരുന്നു അത് സാധ്യമായതെന്നത് നാം ഉൾക്കൊള്ളണം. അവരെക്കൂടി വർഗീയവാദികളാക്കാനായി സോഷ്യൽ എഞ്ചിനീയറിംഗ് എന്ന ഓമനപ്പേരിട്ട് നടത്തുന്ന ഏതൊരു നീക്കവും തീക്കൊള്ളികൊണ്ടുള്ള തല ചൊറിയലാണെന്ന് നാം തിരിച്ചറിയണം. ഇന്ന് ചാനലുകളിൽ നടക്കുന്ന അന്തിച്ചർച്ചകളിൽ

**വർഗീയ പ്ലാറ്റ്ഫോമുകളിൽ നിലകൊള്ളുന്നവരെ തരാതരം അടവുനയത്തിന്റെ പേരിൽ പിന്തുണക്കുകയോ അവരുടെ പിന്തുണ തേടുകയോ ചെയ്യുന്ന മതേതര പാർട്ടികളുടെ നിലപാട് പുനഃപരിശോധിക്കാൻ ഇനിയെങ്കിലും അവർ തയ്യാറാകണം. കേരളത്തിലെ എല്ലാ വിഭാഗങ്ങളിലെയും നല്ല മനസ്സുള്ളവരെക്കൂടി വർഗീയവത്കരിക്കാനായി പരസ്പരം പാലൂട്ടിക്കൊണ്ട് നടത്തുന്ന എല്ലാ നീക്കങ്ങളെയും ചെറുത്ത് തോൽപിക്കാൻ രാഷ്ട്രീയ, മത, സാമൂഹിക, സമുദായിക രംഗത്തെ മുഖ്യധാരാ സംഘടനകൾ സധൈര്യം മുന്നോട്ട് വരണം.**

ഫാസിസ്റ്റ് നിലപാട് സ്വീകരിക്കുന്ന ഫാക്വൽറ്റികൾക്ക് അവരുടെ ശാഖാ കേന്ദ്രങ്ങളിൽ നടത്തിയിരുന്ന പാർട്ടി ക്ലാസ്സിന്റെ നോട്ട് നോക്കി അത് പൊതുസമൂഹത്തെ ക്കൂടി പഠിപ്പിക്കാൻ അവസരം ഒരുക്കിക്കൊടുക്കുന്നതിനെക്കുറിച്ചും മതനിരപേക്ഷ പക്ഷത്ത് നിൽക്കുന്ന മാധ്യമങ്ങൾ പുനരാലോചന നടത്തേണ്ടതുണ്ട്.

വർഗീയ പ്ലാറ്റ്ഫോമുകളിൽ നിലകൊള്ളുന്നവരെ തരാതരം അടവുനയത്തിന്റെ പേരിൽ പിന്തുണക്കുകയോ അവരുടെ പിന്തുണ തേടുകയോ ചെയ്യുന്ന മതേതര പാർട്ടികളുടെ നിലപാട് പുനഃപരിശോധിക്കാൻ ഇനിയെങ്കിലും അവർ തയ്യാറാകണം. കേരളത്തിലെ എല്ലാ വിഭാഗങ്ങളിലെയും നല്ല മനസ്സുള്ളവരെക്കൂടി വർഗീയവത്കരിക്കാനായി പരസ്പരം പാലൂട്ടിക്കൊണ്ട് നടത്തുന്ന എല്ലാ നീക്കങ്ങളെയും ചെറുത്ത് തോൽപിക്കാൻ രാഷ്ട്രീയ, മത, സാമൂഹിക, സമുദായിക രംഗത്തെ മുഖ്യധാരാ സംഘടനകൾ സധൈര്യം മുന്നോട്ട് വരണം.

ഫാസിസത്തിനെതിരെയുള്ള പ്രായോഗിക പരിഹാരമാർഗമായി എന്താണ് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത് എന്ന് ചോദിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ, കേരളം തന്നെയാണ് അതിനു മാതൃക. വർത്തമാന കാലത്ത് ഫാസിസത്തിന് ഒരു നിയമസഭാ സീറ്റ് പോലും ഇല്ലാത്ത സംസ്ഥാനമാണ് നമ്മുടെ കേരളം. ഇത് മറച്ചുപിടിച്ച് നടത്തുന്ന ഏതൊരു ശ്രമവും ആത്മഹത്യാപരമാണെന്ന് നാം അറിയണം. സോഷ്യൽ മീഡിയ ആവരുത് നമ്മുടെ അജണ്ട തീരുമാനിക്കുന്നത്. ഭരണം പ്രതിസന്ധിയിലാകുമ്പോൾ ഫാസിസം പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തും. സമുദായം അതിൽ എണ്ണയൊഴിച്ചാൽ അത് ആളിക്കത്തും. ആ തീ കത്തിയമരുമ്പോൾ അജണ്ടയുണ്ടാക്കിയവർ ലക്ഷ്യം നേടും. അവർ ഇരകളായി കണ്ടവർ കത്തിച്ചാമ്പലാവുകയും ചെയ്യും.

രാജ്യത്ത് സമാധാനമുണ്ടാക്കാൻ ബാധ്യതയുള്ളവർ തന്നെ വെറുപ്പുൽപാദന ഫാക്ടറികളായി മാറുന്ന ഇക്കാലത്ത് ഇതര മതവിഭാഗങ്ങളുമായി സൗഹാർദത്തോടെ ഇടപെടാൻ എല്ലാവർക്കുമാകണം. മതവിശ്വാസം പരസ്പരം ലയിപ്പിക്കുന്നതിന്റെ പേരല്ല സൗഹാർദമെന്നത്. തങ്ങളുടെ മതവിശ്വാസത്തിലും ആചാരത്തിലും ഉറച്ചുനിൽക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും കൊണ്ടുനടക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് തിരിച്ചറിയുകയും വേണം.

ന്യൂനപക്ഷമായതല്ല; 'ന്യൂനതയുള്ള' പക്ഷമായതാണ് ന്യൂനപക്ഷത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി എന്ന് തിരിച്ചറിഞ്ഞു മുന്നോട്ടു പോകാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ■



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 16

# മുത്ത്വലാക്വും ബഹുഭാര്യത്ത്വവും ശിരോവസ്ത്രവും

**സുഫ്യാൻ അബ്ദുസ്സലാം**
: 81296 17676

**“ ഉത്തർപ്രദേശുകാരനായ റി സ്വാൻ അഹ്മദ് 2002ലാണ് ശൈറാബാനുവിനെ വിവാഹം ചെയ്തത്. 2016ൽ റിസ്വാൻ ‘മൂന്നും ചൊല്ലി’ വിവാഹമോചനം ചെയ്തു. ഈ മുത്ത്വലാക്വിനെതിരെ ശൈറാബാനു കോടതിയെ സമീപിച്ചു. സുപ്രീംകോടതിയുടെ ‘ബഹുമത’ അഞ്ചംഗ ബെഞ്ച് വാദം കേട്ടു. ചീഫ് ജസ്റ്റിസ് ജെ.എസ്. ഖേഹാർ (സിഖ്), ആർ.എഫ്.നരിമാൻ (പാർസി), യു.യു. ലളിത് (ഹിന്ദു), കുര്യൻ ജോസഫ് (ക്രിസ്ത്യൻ), എസ്. അബ്ദുൽനസീർ (മുസ്‌ലിം) എന്നിവരായിരുന്നു ബെഞ്ചിലുണ്ടായിരുന്നത്. ചീഫ് ജസ്റ്റിസും എസ്. അബ്ദുൽനസീറും മുത്ത്വലാക്വ് ഇസ്‌ലാം മതത്തിലെ ‘എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്’ ആണെന്നും അതുകൊണ്ടുതന്നെ അതിന് ഭരണഘടനയുടെ സംരക്ഷണം ഉണ്ടെന്ന് വിധിച്ചു.**

ഗോവധം ബക്രീദ് ദിവസങ്ങളിൽ നിർബന്ധമാണെന്ന് ധരിച്ചുവന്നിരുന്നുവെങ്കിലും അത് രാജ്യത്തിന്റെ പല ഭാഗങ്ങളിലും നിരോധിക്കപ്പെട്ടതിലൂടെ ‘എസെൻഷ്യൽ’ എന്ന് കരുതപ്പെടുന്ന കാര്യങ്ങളും നിരോധിക്കപ്പെടാവുന്നതാണ്, രാജ്യത്തെ പല മുസ്‌ലിം സ്ത്രീകളും ശിരോവസ്ത്രം ധരിക്കുന്നില്ല എന്നതിൽ നിന്നും അത് ‘എസെൻഷ്യൽ’ അല്ല എന്നാണ് ബോധ്യപ്പെടുന്നത് തുടങ്ങിയ വാദങ്ങൾ നിരത്തിയശേഷം കർണാടക അഡ്വക്കേറ്റ് ജനറൽ പ്രഭുലിംഗ് നവദ്ഗി 2017ലെ മുത്ത്വലാക്വുമായി ബന്ധപ്പെട്ട ശൈറാബാനു കേസാണ് രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ കൊണ്ടുവന്നത്.

**മുത്ത്വലാക്വ് നിരോധിച്ചുകൊണ്ട് വിധി പ്രസ്താവിച്ച മൂന്ന് ജഡ്ജിമാരും അത് 'എസെൻഷ്യൽ' അല്ല എന്ന കാരണത്താലായിരുന്നില്ല നിരോധിച്ചത്. മറിച്ച് അത് ഒരു പുരുഷമേധാവിത്വ ഏകപക്ഷീയമായ നടപടി ആയതുകൊണ്ടും ക്വുർആൻ അതിനെ അംഗീകരിക്കുന്നില്ല എന്നതിനാലുമാണ്. അതേസമയം മുത്ത്വലാക്വിനെ ശരിവെച്ച ചീഫ് ജസ്റ്റിസും ജസ്റ്റിസ് അബ്ദുൽ നസീറും പറഞ്ഞത് അത് ഇസ്‌ലാം മതത്തിലെ 'എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്' ആണെന്നായിരുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത വിധിന്യായത്തെ ഉദ്ധരിച്ചുകൊണ്ട് എസെൻഷ്യൽ അല്ലാത്ത കാര്യങ്ങൾ നിരോധിക്കാൻ വകുപ്പുണ്ട് എന്ന് പറയുന്നതിൽ യാതൊരു സാംഗത്യവുമില്ല.**

ശൈറാബാനു കേസിൽ ജസ്റ്റിസ് കുര്യൻ ജോസഫ്, ആർ.എഫ്. നരിമാൻ എന്നിവർ നടത്തിയ പരാമർശങ്ങളാണ് പ്രധാനമായും എ.ജി കൊണ്ടുവന്നത്. ക്വുർആനിലെ എല്ലാ വചനങ്ങളും ഒരുപോലെ നിർബന്ധമാവുകയില്ല എന്ന ജസ്റ്റിസ് കുര്യൻ ജോസഫിന്റെ പരാമർശവും ഹദീസ്, ഇജ്മാഅ് എന്നിവയുടെ അടിസ്ഥാനത്തിൽ മുത്ത്വലാക് അനുവദനീയമാണ് എന്ന് സങ്കൽപിച്ചാൽ പോലും മതത്തിൽ അത് എസെൻഷ്യൽ ആണെന്ന് പറയാൻ സാധിക്കില്ല എന്ന ആർ.എഫ്.നരിമാന്റെ പരാമർശവും എ.ജി ഉദ്ധരിച്ചു.

എ.ജി മുന്നോട്ട് വെച്ച മറ്റൊരു സുപ്രധാനവിഷയം ഇസ്‌ലാമിലെ ബഹുഭാര്യത്വമാണ്. ഇസ്‌ലാമിൽ ബഹുഭാര്യത്വം അനുവദനീയമാണെങ്കിലും ബഹുഭാര്യമാരുള്ളവർക്ക് ഇന്ത്യയിൽ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് വിലക്കുണ്ട് എന്നും മതം അനുവദിച്ചിട്ടുള്ള ഒരു കാര്യത്തെ നിയന്ത്രണപൂർവം നിരോധിക്കാൻ ഭരണകൂടങ്ങൾക്ക് അവകാശമുണ്ട് എന്നാണ് ഇത് തെളിയിക്കുന്നത് എന്നും അദ്ദേഹം വാദിച്ചു. ഇസ്‌ലാം മതത്തിൽ പ്രാർഥനക്ക് ആരാധനാലയങ്ങൾ എസെൻഷ്യൽ അല്ല എന്ന 1994ലെ ഇസ്മായിൽ ഫാറൂഖി കേസ് വിധിയും അദ്ദേഹം പരാമർശിച്ചു.

### ശൈറാബാനു കേസും എസെൻഷ്യലും

ഉത്തർപ്രദേശുകാരനായ റിസ്‌വാൻ അഹ്മദ് 2002ലാണ് ശൈറാബാനുവിനെ വിവാഹം ചെയ്തത്. 2016ൽ റിസ്‌വാൻ 'മൂന്നും ചൊല്ലി' വിവാഹമോചനം ചെയ്തു. ഈ മുത്ത്വലാക്വിനെതിരെ ശൈറാബാനു കോടതിയെ സമീപിച്ചു. സുപ്രീംകോടതിയുടെ 'ബഹുമത' അഞ്ചംഗ ബെഞ്ച് വാദം കേട്ടു. ചീഫ് ജസ്റ്റിസ് ജെ.എസ്. ഖേഹാർ (സിഖ്), ആർ.എഫ്. നരിമാൻ (പാർസി), യു.യു.ലളിത് (ഹിന്ദു), കുര്യൻ ജോസഫ് (ക്രിസ്ത്യൻ), എസ്. അബ്ദുൽനസീർ (മുസ്‌ലിം) എന്നിവരായിരുന്നു ബെഞ്ചിലുണ്ടായിരുന്നത്. ചീഫ് ജസ്റ്റിസും എസ്.അബ്ദുൽനസീറും മുത്ത്വലാക് ഇസ്‌ലാം മതത്തിലെ 'എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്' ആണെന്നും അതുകൊണ്ടുതന്നെ അതിന് ഭരണഘടനയുടെ സംരക്ഷണം ഉണ്ടെന്ന് വിധിച്ചു.

മുത്ത്വലാക് പുരുഷന് തോന്നുമ്പോൾ വിവാഹബന്ധം വിച്ഛേദിക്കാൻ സാധിക്കുന്ന വിധത്തിൽ ഏകപക്ഷീയമായ നടപടിയായതുകൊണ്ടുതന്നെ അത് ഭരണഘടനാവിരുദ്ധമാണ് എന്നായിരുന്നു യു.യു.ലളിത്, ആർ.എഫ്. നരിമാൻ എന്നിവരുടെ വിധിയിലെ പരാമർശം. കുര്യൻ ജോസഫ് ആവട്ടെ മുത്ത്വലാക് ക്വുർആനിന്റെ ആയത്തുകൾക്ക് എതിരായതുകൊണ്ട് അതിന് നിയമപരമായ അനുമതി ലഭിക്കില്ല എന്നാണ് പറഞ്ഞത്. ക്വുർആൻ മോശം എന്ന് പറഞ്ഞ ഏതൊരു കാര്യത്തെയും ശരീഅത്തിന്റെ മറ്റു അളവുകോലുകൾ ഉപയോഗിച്ച് നന്നാക്കിയെടുക്കാൻ സാധിക്കില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. മൂന്ന് പേർ (ലളിത്, നരിമാൻ, കുര്യൻ ജോസഫ്) എതിരായും രണ്ടുപേർ (ഖേഹാർ, അബ്ദുൽനസീർ) അനുകൂലമായും വിധി പറഞ്ഞു. അതോടെ മുത്ത്വലാക് ഭരണഘടനാവിരുദ്ധമായി.

മുകളിൽ പറഞ്ഞ വിധികൾ പരിശോധിച്ചാൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. മുത്ത്വലാക് നിരോധിച്ചുകൊണ്ട് വിധി പ്രസ്താവിച്ച മൂന്ന് ജഡ്ജിമാരും അത് 'എസെൻഷ്യൽ' അല്ല എന്ന കാരണത്താലായിരുന്നില്ല നിരോധിച്ചത്. മറിച്ച് അത് ഒരു പുരുഷമേധാവിത്വ ഏകപക്ഷീയമായ നടപടി ആയതുകൊണ്ടും ക്വുർആൻ അതിനെ അംഗീകരിക്കുന്നില്ല എന്നതിനാലുമാണ്. അതേസമയം മുത്ത്വലാക്വിനെ ശരിവെച്ച ചീഫ് ജസ്റ്റിസും ജസ്റ്റിസ് അബ്ദുൽ നസീറും പറഞ്ഞത് അത് ഇസ്‌ലാം മതത്തിലെ 'എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്' ആണെന്നായിരുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത വിധിന്യായത്തെ ഉദ്ധരിച്ചുകൊണ്ട് എസെൻഷ്യൽ അല്ലാത്ത കാര്യങ്ങൾ നിരോധിക്കാൻ വകുപ്പുണ്ട് എന്ന് പറയുന്നതിൽ യാതൊരു സാംഗത്യവുമില്ല. നിരോധിച്ച ഭൂരിപക്ഷം ജഡ്ജിമാരും എസെൻഷ്യൽ അല്ല എന്ന് പറഞ്ഞിട്ടില്ല. എസെൻഷ്യൽ അല്ലാത്ത മുത്ത്വലാക് നിരോധിച്ചപോലെ എസെൻഷ്യൽ അല്ലാത്ത ഹിജാബും നിരോധിക്കുന്നതിൽ തെറ്റില്ല എന്ന കർണാടക എ.ജിയുടെ വാദം പ്രത്യക്ഷത്തിൽ തന്നെ സത്യവിരുദ്ധവും യുക്തിഹീനവുമാണ്.

### മുത്ത്വലാക്വും ശരീഅത്ത് ആക്റ്റും


ഇസ്‌ലാമിൽ അനുവദിക്കപ്പെട്ട വിവാഹമോചനം (ത്വലാക്വ്)

എപ്പോൾ, എങ്ങനെ തുടങ്ങിയ കാര്യങ്ങളെ കുറിച്ച് കൃത്യമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ത്വലാകിനെ ദുരുപയോഗം ചെയ്തുകൊണ്ട് ഒറ്റയടിക്ക് മൂന്നും ചൊല്ലി വിവാഹമോചനം ചെയ്യുന്നത് തെറ്റാണെന്ന് ഇസ്‌ലാമികപണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. എന്നാൽ ചില മദ്ഹബുകളിലും കക്ഷികളിലും അത് അനുവദിക്കപ്പെട്ട ഒരു സമ്പ്രദായമായി തുടരുന്നുണ്ട്. ത്വലാകിന്റെ പേരിൽ ഇസ്‌ലാമിനെ വിമർശിക്കുന്നവർ ഒന്നിച്ച് ചൊല്ലുന്ന മുത്ത്വലാകിനെ മാത്രമല്ല, ഘട്ടം ഘട്ടമായി എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്ന ത്വലാകിനെയും എതിർക്കുന്നുണ്ട് എന്ന കാര്യവും ഓർക്കേണ്ടതുണ്ട്.

ത്വലാകിനെ കുറിച്ച് വിവിധ മുസ്‌ലിം വിഭാഗങ്ങൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളിൽ അതാത് വിഭാഗങ്ങൾ സ്വീകരിച്ചുപോരുന്ന വീക്ഷാഗതികൾക്ക് അനുസൃതമായിട്ടാണ് കോടതികൾ വിധി പ്രസ്താവിച്ചുവന്നിരുന്നത്. വിവിധ വിഭാഗങ്ങളുടെ ആചാര രീതികൾക്കും ഭരണഘടന സംരക്ഷണം നൽകുന്നുണ്ട് എന്ന് ശബരിമല വിധിയിലൂടെ ബോധ്യപ്പെടുന്ന കാര്യമാണ്. മറ്റെല്ലാ ക്ഷേത്രങ്ങളിലും സ്ത്രീപ്രവേശനം സാധ്യമാവുമ്പോൾ ശബരിമലയിൽ അത് സാധ്യമല്ലാത്തത് പ്രസ്തുത ആചാരം അനുഷ്ഠിക്കുന്ന വിഭാഗത്തിന്റെ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതുപോലെതന്നെ മുത്ത്വലാകിനെ അംഗീകരിച്ചുവരുന്ന വിഭാഗങ്ങൾക്ക് അവരുടെ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിധി നൽകുന്നത് ഭരണഘടനാപരമായി തെറ്റാവുന്നില്ല. ഇപ്പോഴും മുത്ത്വലാകിനെ മാത്രമെ നിരോധിച്ചിട്ടുള്ളൂ, ത്വലാകിനെ നിരോധിച്ചിട്ടില്ല എന്നതിൽ നിന്നും എസെൻഷ്യൽ ആയ ഒരു കാര്യത്തെ നിരോധിച്ചു എന്നതിന് തെളിവാകുന്നില്ല. കാരണം എസെൻഷ്യൽ ആയിവരുന്നത് ത്വലാക് മാത്രമാണ്. അതിന്റെ രീതിയെ മാത്രമാണ് ഇപ്പോൾ നിരോധിച്ചിട്ടുള്ളത്.

ഇന്ത്യയുടെ ശരീഅത്ത് ആക്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക വിഷയമാണ് ത്വലാക്. ത്വലാക് അടക്കമുള്ള വ്യക്തിപരമായ വിഷയങ്ങൾ ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ചാണ് തീരുമാനിക്കേണ്ടത് എന്നാണ് ഇന്ത്യൻ ശരീഅത്ത് ആക്റ്റ് പറയുന്നത്. 1937ലെ THE MUSLIM PERSONAL LAW (SHARIAT) APPLICATION ACT ആണ് ഇന്ന് ഇന്ത്യയിൽ അറിയപ്പെടുന്ന ശരീഅത്ത് ആക്റ്റ്. ഒസ്യത്ത് എഴുതിവെക്കാത്ത പിന്തുടർച്ചാവകാശം, സ്ത്രീകളുടെ പ്രത്യേക സ്വത്തവകാശങ്ങൾ (കരാർ പ്രകാരമോ ദാനമോ ആയി ലഭിച്ചതോ വ്യക്തിനിയമപ്രകാരമുള്ള ഏതെങ്കിലും വ്യവസ്ഥപ്രകാരം ലഭിച്ചതോ ആയ എല്ലാ സ്വത്തുക്കളും), വിവാഹം, വിവാഹമോചനം (ഈലാഅ്, ദ്വിഹാർ, ലിആൻ, ഖുൽഅ്, മുബാറാത് തുടങ്ങിയ എല്ലാ ഇനങ്ങളും ഉൾപ്പെടെ), ജീവനാംശം, ഇഷ്ടദാനം, രക്ഷാകർതൃത്വം, ദാനം, ട്രസ്റ്റ് സ്വത്തുക്കൾ, വക്ഫ് തുടങ്ങിയ കേസുകളിൽ കക്ഷികൾ മുസ്‌ലിംകൾ ആണെങ്കിൽ നാട്ടുനിയമങ്ങൾ എന്തെല്ലാമായിരുന്നാലും ശരി, അന്തിമതീരുമാനം എടുക്കേണ്ട നിയമം ഇസ്‌ലാമിക ശരീഅത്ത് ആയിരിക്കണം എന്നാണ് ആക്റ്റ് പറയുന്നത്. ഭരണഘടനയുടെ അനുച്ഛേദം 13 പ്രകാരം ഈ നിയമങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ശരീഅത്ത് അനുസരിച്ച് മാത്രം വിധി പറയേണ്ട ത്വലാക് പോലുള്ള വിഷയത്തെ ശിരോവസ്ത്ര നിരോധനവുമായി കൂട്ടിക്കെട്ടി പിടിവള്ളിയുണ്ടാക്കിയാൽ വളരെ പെട്ടെന്ന് തന്നെ അത് പൊട്ടിപ്പോകും.

**ഇസ്‌ലാമിൽ അനുവദിക്കപ്പെട്ട വിവാഹമോചനം (ത്വലാക്വ്) എപ്പോൾ, എങ്ങനെ തുടങ്ങിയ കാര്യങ്ങളെ കുറിച്ച് കൃത്യമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ത്വലാക്വിനെ ദുരുപയോഗം ചെയ്തുകൊണ്ട് ഒറ്റയടിക്ക് മൂന്നും ചൊല്ലി വിവാഹമോചനം ചെയ്യുന്നത് തെറ്റാണെന്ന് ഇസ്‌ലാമികപണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. എന്നാൽ ചില മദ്ഹബുകളിലും കക്ഷികളിലും അത് അനുവദിക്കപ്പെട്ട ഒരു സമ്പ്രദായമായി തുടരുന്നുണ്ട്. ത്വലാക്വിന്റെ പേരിൽ ഇസ്‌ലാമിനെ വിമർശിക്കുന്നവർ ഒന്നിച്ച് ചൊല്ലുന്ന മുത്ത്വലാക്വിനെ മാത്രമല്ല, ഘട്ടം ഘട്ടമായി എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്ന ത്വലാക്വിനെയും എതിർക്കുന്നുണ്ട് എന്ന കാര്യവും ഓർക്കേണ്ടതുണ്ട്.**



### ബഹുഭാര്യത്വം ശിരോവസ്ത്രം പോലെയല്ല

മതം അനുവദിച്ച കാര്യങ്ങളെ നിയന്ത്രണപൂർവം നിരോധി

ക്കാൻ തെളിവുണ്ട് എന്ന ന്യായമാണ് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുക തുടങ്ങിയ കാര്യങ്ങളിൽ ബഹുഭാര്യത്വത്തിന് നിയന്ത്രണം ഏർപ്പെടുത്തിയ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് എ.ജി പറഞ്ഞത്. ആർമിയിലും മറ്റും താടിക്ക് നിരോധനമേർപ്പെടുത്തിയതു പോലുള്ള ഒരു കാര്യം തന്നെയാണിതും. എന്നാൽ ബഹുഭാര്യത്വം എവിടെയും ഇസ്‌ലാം അനുഷ്ഠിക്കപ്പെടേണ്ട ഒരു നിയമമായി പറഞ്ഞിട്ടില്ല. എല്ലാ മുസ്‌ലിംകളും ഒന്നിലധികം വിവാഹം കഴിക്കണമെന്ന് എവിടെയും പറയുന്നില്ല. ബഹുഭാര്യത്വം നിർബന്ധമാണെന്ന് ഒരു മുസ്‌ലിമും വിശ്വസിക്കുന്നില്ല. അതേസമയം മുസ്‌ലിം സമുദായത്തിലെ മഹാഭൂരിപക്ഷം സ്ത്രീകളും ശിരോവസ്ത്രം നിർബന്ധമാണ് എന്ന് വിശ്വസിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ശിരോവസ്ത്രം അണിയുന്നതിനെ ബഹുഭാര്യത്വവുമായി തുലനം ചെയ്യുന്നതിൽ ഒരു യുക്തിയുമില്ല. ബാഹുഭാര്യാത്വത്തിലൂടെ സംഭവിക്കാവുന്ന ചെലവുകളോ സാമൂഹികമായ മറ്റു പ്രശ്നങ്ങളോ കേസുകളോ ശിരോവസ്ത്രം അണിയന്നതുമൂലം ഉണ്ടാവുന്നുമില്ല.

**നമസ്കാരത്തിന് പള്ളികൾ എസെൻഷ്യൽ അല്ല?**

മുസ്‌ലിംകൾക്ക് നമസ്കരിക്കാൻ പള്ളികൾ പോലും എസെൻഷ്യൽ അല്ല എന്ന് 1994ലെ ഇസ്മായിൽ ഫാറൂഖി കേസിൽ സുപ്രീംകോടതി പരാമർശിച്ചിട്ടുണ്ടെന്നും അത്രയും വരുമോ ശിരോവസ്ത്രം എന്നുമാണ് എ.ജി ചോദിക്കുന്നത്. ബാബരി മസ്ജിദുമായി ബന്ധപ്പെട്ട കേസാണ് ഇസ്മായിൽ ഫാറൂഖി കേസ്. ബാബരി മസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്ന് ബാബരി മസ്ജിദിന് സമീപത്തെ 67.703 ഏക്കർ ഭൂമി സർക്കാർ ഒരു ആക്റ്റിലൂടെ ഏറ്റെടുക്കുകയുണ്ടായി. Acquisition Of Certain Area At Ayodhya Act 1993 എന്ന പേരിലാണ് ഈ ആക്റ്റ് അറിയപ്പെടുന്നത്. ബാബരി മസ്ജിദ്-രാമജന്മഭൂമി തർക്കം രാജ്യത്തെ വിവിധ മത വിഭാഗങ്ങൾക്കിടയിലുള്ള സൗഹാർദത്തെ ഉലച്ചിട്ടുണ്ടെന്നും അതുകൊണ്ട് ക്രമസമാധാനം നിലനിർത്താനും മതസൗഹാർദം പ്രോത്സാഹിപ്പിക്കാനും രാജ്യത്തെ ജനങ്ങൾക്കിടയിൽ സാഹോദര്യം വളർത്താനും തർക്കസ്ഥലം ഏറ്റെടുക്കൽ അനിവാര്യമായിരിക്കുന്നുവെന്നുമാണ് 1993 ഏപ്രിൽ 3നു പുറപ്പെടുവിച്ച ഈ ആക്റ്റിൽ പറയുന്നത്. എന്നാൽ നൂറ്റാണ്ടുകളായി ആരാധന നിർവഹിച്ചുപോന്ന ഒരു മസ്ജിദിനെ ഒരു തർക്കഭൂമിയാക്കി കാണിച്ച് സ്ഥലം സർക്കാർ ഏറ്റെടുക്കുന്നതിനെ ചോദ്യം ചെയ്ത് ഡോ. ഇസ്മാഈൽ ഫാറൂഖി സുപ്രീം കോടതിയിലെ ഭരണഘടനാ ബെഞ്ചിനെ സമീപിക്കുകയുണ്ടായി. ഈ കേസിന്റെ വിധിയിൽ 'ഇസ്‌ലാം മതത്തിന്റെ നിർവഹണത്തിന് പള്ളികൾ അനിവാര്യ ഘടകങ്ങളല്ല, മുസ്‌ലിംകൾക്ക് നമസ്കാരം എവിടെവെച്ചും; തുറന്ന സ്ഥലത്തുപോലും നിർവഹിക്കാം' എന്ന പരാമർശമുണ്ട്. ഒട്ടും ആലോചനയില്ലാത്ത, അനവധാനതയോടെയുള്ള ഒരു പ്രസ്താവനയാണിത്. ഈ പ്രസ്താവനയെയാണ് ഇപ്പോൾ എ.ജി. കൂട്ടുപിടിച്ചിരിക്കുന്നത്. പള്ളികൾ പോലും എസെൻഷ്യലല്ലെങ്കിൽ പിന്നെ എങ്ങനെ ശിരോവസ്ത്രം എസെൻഷ്യൽ ആകും എന്നാണ് ചോദ്യം.

**നൂറ്റാണ്ടുകളായി ആരാധന നിർവഹിച്ചുപോന്ന ഒരു മസ്ജിദിനെ ഒരു തർക്കഭൂമിയാക്കി കാണിച്ച് സ്ഥലം സർക്കാർ ഏറ്റെടുക്കുന്നതിനെ ചോദ്യം ചെയ്ത് ഡോ. ഇസ്മാഈൽ ഫാറൂഖി സുപ്രീം കോടതിയിലെ ഭരണഘടനാ ബെഞ്ചിനെ സമീപിക്കുകയുണ്ടായി. ഈ കേസിന്റെ വിധിയിൽ 'ഇസ്‌ലാം മതത്തിന്റെ നിർവഹണത്തിന് പള്ളികൾ അനിവാര്യ ഘടകങ്ങളല്ല, മുസ്‌ലിംകൾക്ക് നമസ്കാരം എവിടെവെച്ചും; തുറന്ന സ്ഥലത്തുപോലും നിർവഹിക്കാം' എന്ന പരാമർശമുണ്ട്. ഒട്ടും ആലോചനയില്ലാത്ത, അനവധാനതയോടെയുള്ള ഒരു പ്രസ്താവനയാണിത്. ഈ പ്രസ്താവനയെയാണ് ഇപ്പോൾ എ.ജി. കൂട്ടുപിടിച്ചിരിക്കുന്നത്. പള്ളികൾ പോലും എസെൻഷ്യലല്ലെങ്കിൽ പിന്നെ എങ്ങനെ ശിരോവസ്ത്രം എസെൻഷ്യൽ ആകും എന്നാണ് ചോദ്യം.**

ഈ പരാമർശത്തെ കോടതിയുടെ വിധിയിൽനിന്നും ഒഴിവാക്കിക്കിട്ടാൻ വേണ്ടി 2018ൽ സുന്നി വക്ഫ് ബോർഡ് സുപ്രീം കോടതിയെ സമീപിച്ചിരുന്നു. കാരണം ഈ പരാമർശം ചൂണ്ടിക്കാട്ടി രാജ്യത്തെ മറ്റെല്ലാ പള്ളികളും അനിവാര്യമല്ലെന്ന പ്രചാരണം സംഘ്പരിവാർ കേന്ദ്രങ്ങൾ പ്രചരിപ്പിച്ചുതുടങ്ങിയിരുന്നു. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അധ്യക്ഷനായ ബെഞ്ച് കേസ് പരിഗണിക്കുകയും പ്രസ്തുത പരാമർശം ബാബരി മസ്ജിദ് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മാത്രമാണെന്നും മറ്റൊരു പള്ളിയെയും അത് ബാധിക്കില്ലെന്നും പറയുകയുണ്ടായി. അതുകൊണ്ടുതന്നെ പ്രസ്തുത പരാമർശം ഇപ്പോൾ നിയമപരമായി നിലനിൽക്കുന്നതല്ല. ദുർബലമാക്കപ്പെട്ട ഒരു പരാമർശത്തെയാണ് ശിരോവസ്ത്ര നിരോധനത്തിലേക്ക് എ.ജി വലിച്ചിഴക്കാൻ ശ്രമിച്ചത്.

*അടുത്ത ലക്കത്തിൽ:*

**മതത്തിന്റെ അനിവാര്യതയും അനിവാര്യമായ മതാചാരവും**

നീണ്ടകഥ



# പൊഴിയുന്ന പുണ്യങ്ങൾ 6

**ഷാസിയ നസ്‌ലി**
**വിവ: ഇബ്‌നു അലി എടത്തനാട്ടുകര**

സഹോദരിയെ അവഗണിച്ചുകൊണ്ട് കോണിപ്പടിക്ക് താഴെ നിന്ന് തൻസാർ വിളിച്ചു: "ഫെലിക്സ്!"

താൻ തെറ്റാണ് ചെയ്തതെന്ന് തൻസാറിന് അറിയാമായിരുന്നു. ജുമുഅ നമസ്‌കാരത്തിന് ശേഷം തന്റെ ജോലികൾ ചെയ്തുതീർക്കേണ്ടതായിരുന്നുവെന്ന് അവന് അറിയാത്തതല്ല.

"പക്ഷേ, എനിക്ക് പത്തു വയസ്സേ ആയിട്ടുള്ളൂ..." പൂച്ചക്കുട്ടിയെ തിരഞ്ഞ് കോണിപ്പടി കയറിയപ്പോൾ അവൻ സ്വയം പറഞ്ഞു.

"എനിക്ക് സ്‌കൂളിലെ കാര്യങ്ങളൊക്കെ ചെയ്യേണ്ടതുണ്ട്. കുട്ടികൾ നമസ്‌കാരത്തിന് തയാറാകുന്നതുവരെ കാത്തുനിൽക്കണം. പിന്നെ പള്ളിയിലേക്ക് പോകണം. ഫെലിക്സിന്റെ കൂടെ കളിക്കാൻ പോലും ആവശ്യത്തിന് നേരം കിട്ടുന്നില്ല."

തൻസാർ വീട് അരിച്ചുപെറുക്കി. ഫെലിക്സിന്റെ യാതൊരു ലക്ഷണവുമില്ല. കോണിയിറങ്ങി പൂമുഖത്തെത്തി അവൻ പെങ്ങളോട് പറഞ്ഞു:

"സന്നാ... ഫെലിക്സിനെ നഷ്ടപ്പെട്ടെന്നു തോന്നുന്നു."

"അവൻ വീടിന്റെ മറ്റെവിടെയെങ്കിലുമുണ്ടാകും"-സന്ന പറഞ്ഞു. സത്യത്തിൽ അവൾക്കും ആശങ്ക തുടങ്ങിയിരുന്നു.

"അവനിവിടെയില്ല, നോക്കാത്തൊരിടവുമില്ല"-തൻസാർ.

അവരിരുവരും വീടു മുഴുവൻ ഒരിക്കൽ കൂടി പരിശോധിച്ചു. തിരച്ചിൽ വീടിന് പുറത്തേക്കും വ്യാപിച്ചു.

"ഫെലിക്സ്..." അവർ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു.

പൂച്ചക്കുഞ്ഞിന്റെ യൊതൊരു അടയാളവും അവിടെയുണ്ടായിരുന്നില്ല. "ആ പാവം വല്ലാതെ പേടിച്ചിട്ടുണ്ടാവും. നീ അവിടെ മുൻവശത്ത് പൂന്തോട്ടത്തിൽ തിരയൂ. ഞാൻ പിൻഭാഗത്ത് കുറ്റിച്ചെടികൾക്കിടയിൽ നോക്കാം"-സന്ന നിർദേശിച്ചു. അവർ വീണ്ടും തിരഞ്ഞു.

"അവൻ അവിടെയുമില്ല"-തൻസാർ കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു.

സന്ന വിഷമത്തോടെ ആങ്ങളയെ നോക്കി.

"നീ നിന്റെ കൂട്ടുകാരെ വിളിച്ച് ഫെലിക്സിനെ അന്വേഷിക്കാൻ പറ. ഞാൻപോയി ഉമ്മയോടു പറയാം."

"നമ്മളവനെ കണ്ടെത്തുകതന്നെ ചെയ്യും അല്ലേ താത്താ?"-കവിളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണീരോടെ തൻസാർ ചോദിച്ചു.

"ഇൻശാ അല്ലാഹ്"-പുഞ്ചിരിച്ച് അവനെ ആശ്വസിപ്പിച്ചുകൊണ്ട് സന്ന പറഞ്ഞു.

സംഭവിച്ച കാര്യങ്ങൾ സന്ന ഉമ്മയോട് വിശദീകരിച്ചു.

"അവന്റെ കഴുത്തിൽ ഒരു ബെൽറ്റുണ്ട്. അതിൽ അവന്റെ പേരും വീടിന്റെ വിലാസവുമുണ്ട്. ആരെങ്കിലും തിരിച്ചെത്തിക്കുമെന്നുറപ്പാണ് മോളേ..." സന്നയെ ഉമ്മ ആശ്വസിപ്പിച്ചു.

അവർ മൂന്നുപേരും പുറത്ത് തെരുവിൽ പൂച്ചക്കുട്ടിയെ തിരയാൻ തുടങ്ങി. അവിടെയെവിടെയും ഫെലിക്സിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. ഈ പൂച്ചക്കുട്ടി ഒറ്റക്കെവിടെയാണ് പോയത്?

നേരം ഇരുട്ടിത്തുടങ്ങി. ഫെലിക്സിനെ എവിടെയും കണ്ടെത്താനിയില്ല. വീട്ടിൽ വല്ല വിവരവുമെത്തിയോ എന്നറിയാൻ സന്ന വീട്ടിലേക്ക് കുതിച്ചു. ഉമ്മയും സഹോദരനും തിരച്ചിൽ നിർത്താതെ തുടർന്നു. സന്ന വീടിനടുത്തെത്തിയപ്പോൾ തൻസാറിന്റെ കൂട്ടുകാരൻ ഹംസ പുറത്തിറങ്ങി പോകുന്നത് കണ്ടു. സന്ന അകത്തേക്ക് ഓടിക്കയറി.

"ഉപ്പാ, അസ്സലാമു അലൈക്കും. ഫെലിക്സിന്റെ വിവരം...?"

"അറിയാം. പക്ഷേ, നീ ഒന്നോർക്കണം. ഇത് അല്ലാഹുവിന്റെ ഒരു പരീക്ഷണമാണ്."

"ഉപ്പാ, ഉമ്മയും തൻസാറും അതിനെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. പിന്നെ..."

"അവനെ തിരഞ്ഞുകൊണ്ടിരിക്കുകയോ?"-ആശയക്കുഴപ്പത്തിലായ ഉപ്പ ചോദിച്ചു.

"അതെ, ഞങ്ങളുടെ കൂടെ തിരയാൻ വാ ഉപ്പാ..."

"പക്ഷേ..."

**(തുടരും)**

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# SCHOOL OF Qur'an

READ. LEARN. EVOLVE

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു



അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി **ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,**
**Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
25 FEBRUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478